# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

മെയ്
2011




- ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)
  ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത
- പ. വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ (തുടർച്ച)
- പരിശുദ്ധാത്മാവിന്റെ പ്രാപഞ്ചികദൗത്യം
  റവ. ഫാ. ഡോ. ജേക്കബ് കുര്യൻ



**H.B. GEEVARGHESE MAR DIONYSIUS III (PUNNATHRA) MALANKARA METROPOLITAN**
**MAY 19 ST. MARY'S CHERIYAPALLY, KOTTAYAM**



**H.G. YUAYAKKIM MAR IVANIOS (1913-25) KANDANAD DIOCESE**
**JUNE 6 PARUMALA PALLY**



**H.G. AUGEN MAR DIONYSIUS (2005-07) IDUKKI DIOCESE**
**JUNE 6 VALLIKKATTU DAYARA VAKATHANAM**



**H.G. YUHANON MAR SEVERIUS (1966-90) KOCHI DIOCESE**
**MAY 19 ZION SEMINARY KORATTY**

# പ്രദീപ്തി

വാല്യം : 12 ലക്കം : 05 മെയ് 2011





മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് - 682 308
pradeepthi2002@gmail.com


## ദളങ്ങളിൽ


**2** പത്രാധിപക്കുറിപ്പ്
**അണ്ണാ ഹസാരെ നല്കുന്ന സന്ദേശം**

**3** ഇടയസന്ദേശം
**ദൈവഭക്തിയും ജ്ഞാനവും** (തുടർച്ച)
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**7** സഭാ ചരിത്രം
**പ. വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ** (തുടർച്ച)

**9** ദൈവശാസ്ത്ര ചിന്തകൾ
**ദൈവാത്മാവിന്റെ പ്രാപഞ്ചിക ദൗത്യം**
ഫാ. ഡോ. ജേക്കബ് കുര്യൻ

**11** കാലികം
**അറിവും ജ്ഞാനവും ഒത്തുചേരുന്ന വിദ്യാ–അഭ്യസനം ഇന്നിന്റെ ആവശ്യം**
ഫാ. ഡോ. തോംസൺ റോബി

**13** ധ്യാനപംക്തി
**ദൈവരാജ്യ ചിന്തകൾ**
ഫാ.റ്റി.പി. കുര്യൻ തളിയച്ചിറ

**15** പ്രതിധ്വനി
**സഭാ ശുശ്രൂഷയിലെ രണ്ട് പതിറ്റാണ്ടുകളുടെ യാഥാർത്ഥ്യം** (തുടർച്ച)
ഫാ. ജോസ് തോമസ്





## പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. വർഗീസ് പി. വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ.പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരെക്കുന്നത്ത്**



| | |
|---|---|
| ഒറ്റപ്രതി | - 10 രൂപ |
| വാർഷികം | - 100 രൂപ |
| 10 വർഷം | - 1000 രൂപ |



## ഉപദേശകസമിതി

വെരി. റവ. ഫാ. പി.യു.കുര്യാക്കോസ് കോർ എപ്പിസ്കോപ്പ
റവ. ഫാ. ഡോ.റ്റി.ജെ. ജോഷ്വ
റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. ഡോ. റ്റി.പി. ഏലിയാസ്
റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ
റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം
റവ. ഫാ. ജോൺ വർഗീസ്
ശ്രീ. ചെമ്മനം ചാക്കോ
ശ്രീ. വർഗീസ് കരിപ്പാടം



# അണ്ണാ ഹസാരെ നല്കുന്ന സന്ദേശം

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതത്തിലെ പുതിയൊരു രാഷ്ട്രീയ സംഭവ വികാസമാണ് അണ്ണാഹസാരെയുടെ നിരാഹാര സമരത്തിലൂടെ ഉരുത്തിരിഞ്ഞത്. മഹാരാഷ്ട്രയിലെ ഗ്രാമപ്രദേശങ്ങളിൽ നടത്തിയ പല ചെറിയ അഴിമതി വിരുദ്ധ പോരാട്ടങ്ങളിലൂടെ ശ്രദ്ധേയനായിത്തീർന്ന ഈ കറതീർന്ന ഗാന്ധിയൻ ഭാരതത്തിന്റെ മുഴുവനും ശ്രദ്ധാ കേന്ദ്രമായിത്തീർന്നത് കഴിഞ്ഞ ഏപ്രിൽ 5-ാം തീയതി ആരംഭിച്ച ജന്ദർ മന്ദിർ നിരാഹാര സമരത്തിലൂടെയാണ്.

ഗാന്ധിജിയും ഗാന്ധിജിയുടെ ആദർശങ്ങളുമെല്ലാം കേവലം ബിരുദ സമ്പാദനത്തിനും ഉപജീവനമാർഗ്ഗത്തിനുമായി മാത്രം ഉപയോഗിക്കുന്ന ആധുനിക ഗാന്ധിയന്മാരിൽ നിന്ന് തികച്ചും വേറിട്ട വ്യക്തിത്വമായി അണ്ണാ ഹസാരെ നമുക്ക് മുന്നിൽ നിൽക്കുന്നു. ഭാരതമൊട്ടാകെ അറിയുന്ന ഒരു രാഷ്ട്രീയ പ്രവർത്തകനൊന്നുമല്ല അണ്ണാഹസാരെ, എന്നിട്ടും ഏവരുടെയും ശ്രദ്ധാകേന്ദ്രമായിത്തീർന്നത്, അദ്ദേഹമുയർത്തിയ അഴിമതി വിരുദ്ധ മുദ്രാവാക്യത്തിന്റെ സമകാലീന രാഷ്ട്രീയ പ്രസക്തിയും, അതിന്റെ പിന്നിലെ ആത്മാർത്ഥതയും നിസ്വാർത്ഥ സേവന മനസ്ഥിതിയുമാണ്. അഴി “മതി” എന്ന ചിന്തിക്കുന്ന സമൂഹത്തിൽ, അഴിമതിയിന്നൊരു വാർത്തയുമല്ലാതായി തീർന്നിരിക്കുന്ന പശ്ചാത്തലത്തിൽ, ഭാരതാംബയ്ക്ക് അഭിമാനിക്കാം ഈ വീരപുത്രന് ജന്മം കൊടുത്തതിൽ.

ഒരു സാമൂഹ്യപ്രവർത്തകനായ അണ്ണാഹസാരെയെ പുച്ഛത്തോടെയാണ് വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾ നിരീക്ഷിച്ചത്. രാഷ്ട്രത്തെ സംബന്ധിക്കുന്നതെല്ലാം തങ്ങളുടെ മാത്രം കുത്തകയെന്നു ചിന്തിക്കുന്ന ഇവർക്ക് മറ്റു മേഖലകളിൽ പ്രവർത്തിക്കുന്നവരെല്ലാം അരാഷ്ട്രീയ വാദികളും പിന്തിരിപ്പന്മാരുമാണ്. രാഷ്ട്ര നിർമ്മാണത്തിലും രാജ്യത്തിന്റെ ചെറുതും വലിയതുമായ പുരോഗതിയിലും തങ്ങളുടെതായ സംഭാവനകൾ നല്കിയിട്ടുള്ളവർക്കൊന്നും, അവർ രാഷ്ട്രീയ പ്രവർത്തകരല്ലാത്തതിനാൽ, അഭിപ്രായ പ്രകടനങ്ങൾ നടത്തുവാനോ വിമർശിക്കുവാനോ അവകാശമില്ല. ഓരോ തെരഞ്ഞെടുപ്പുകൾ വരുമ്പോഴും വോട്ടുചെയ്യുക എന്ന ജോലി മാത്രം ചെയ്താൽ മതിയെന്നു പ്രഖ്യാപിക്കുന്ന ഇത്തരം രാഷ്ട്രീയക്കാരുടെ മുഖംമൂടിയാണ് എട്ടുദിവസത്തെ നിരാഹാര സമരത്തിലൂടെ പൊളിഞ്ഞുവീണത്.

കേന്ദ്ര സംസ്ഥാന ഭരണ സംവിധാനത്തിന്റെ എല്ലാ തലങ്ങളിലുമുള്ള അഴിമതി നിർമ്മാർജനം ചെയ്യുന്നതിനായി പുതിയ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും, ജനാധിപത്യ സമ്പ്രദായത്തിന് കോട്ടം വരാത്ത രീതിയിൽ, ദീർഘവീക്ഷണത്തോടുകൂടിയും ജനോപകാരപ്രദമായ വിധത്തിലും കാര്യമായ പൊളിച്ചെഴുത്തുകൾ നടത്തേണ്ടതാണ്. അതിലേക്കുള്ള ഒരു ചുവടുവയ്പായിരുന്നു അണ്ണാ ഹസാരെയുടെ നേതൃത്വത്തിൽ നടന്ന സഹനസമരം. കഴിഞ്ഞ 42 വർഷങ്ങളിൽ 8 തവണ ലോകസഭയിൽ അവതരിക്കപ്പെടുകയും ഒരു തവണപോലും പാസ്സാക്കപ്പെടാതെ പോവുകയും ചെയ്ത അഴിമതി നിർമ്മാർജന ബില്ലായ ലോക്പാൽ ബില്ലിലെ പഴുതുകളടയ്ക്കാനും അതിൽ മായം ചേർക്കാതിരിക്കുവാനുമാണ് ജനശ്രദ്ധയാകർഷിച്ച ഈ സമരം നടന്നത്.

ലോക്പാൽ ബിൽ തയ്യാറാക്കുന്നതിൽ പൗര സമൂഹ പ്രതിനിധികൾക്കുകൂടി തുല്യപങ്കാളിത്തമുള്ള സമിതി രൂപവത്കരിക്കുക, അധികാര മണ്ഡലത്തിലുള്ള ആരായാലും അഴിമതിയോ അധികാരദുർവിനിയോഗമോ നടത്തിയിട്ടുണ്ടെങ്കിൽ അർഹമായ ശിക്ഷ ലഭിക്കത്തക്ക വണ്ണം പഴുതുകളില്ലാത്ത നിയമനിർമ്മാണം നടത്തുക, നിയമം നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാ നിയമനിർവ്വഹണാധികാരമുള്ളതും സ്വതന്ത്രവും നീതിപൂർവ്വവുമായ ശക്തമായ സംവിധാനം ഉണ്ടാക്കുക തുടങ്ങിയ ശക്തമായ ആവശ്യങ്ങളാണ് ജന്ദർ മന്ദിർ സമരത്തിലൂടെ ആവശ്യപ്പെട്ടത്.

കോമൺവെൽത്ത് ഗെയിംസ്, 2ജി സ്പെക്ട്രം, ആദർശ് ഫ്ളാറ്റ്, ഐ.എസ്.ആർ.ഒ. സാറ്റലൈറ്റ് കരാർ, ലാവ്‌ലിൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട അഴിമതി കേസുകളും, ന്യായാധിപന്മാരെ ചുറ്റിപ്പറ്റിയുള്ള സംശയത്തിന്റെ പുകപടലങ്ങളുമെല്ലാം ഭാരതീയ ജനാധിപത്യത്തിന്റെ അപചയമാണ് വിളിച്ചോതുന്നത്. താഴെ വില്ലേജ് ആഫീസുകൾ മുതൽ സംസ്ഥാന കേന്ദ്രസെക്രട്ടറിയേറ്റുകൾ വരെ എല്ലാ ഭരണതലങ്ങളെയും ഗ്രസിച്ചിരിക്കുന്നതായി ആരോപിക്കപ്പെടുന്ന അധികാര ദുർവിനിയോഗങ്ങളും അഴിമതിയും സ്വജനപക്ഷപാതവുമെല്ലാം രോഗാതുരമായ ഇൻഡ്യൻ ജനാധിപത്യത്തിന്റെ ദയനീയ സ്ഥിതിയെയാണ് കാണിക്കുന്നത്. ഇതനൊരു മാറ്റം ആവശ്യമായതിനാൽ അനുയോജ്യമായ പരിഹാരമാർഗ്ഗമാണ് അണ്ണാ ഹസാരെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ഇതിൽ സഭയുടെ പങ്കെന്താണ് ? രാജ്യങ്ങളും ഭരണകർത്താക്കളും വാഴ്ചയും അധികാരങ്ങളും ദൈവസൃഷ്ടിയായതിനാൽ, ദൈവരാജ്യത്തിന്റെ മുന്നാസ്വാദനമായ സഭയിലെ, ഓരോ അംഗത്തിനും രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ ഉത്തരവാദിത്തത്തോടെയുള്ള പങ്കാളിത്തമുണ്ട്. അത് കൊടിയുടെ നിറം നോക്കാതെ നിറവേറ്റുകയാണ് വേണ്ടത്.

പൂവത്തുങ്കലച്ചൻ

★

# ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

## (iv) നോമ്പിലും ഉപവാസത്തിലും കൂടെ, ദൈവജ്ഞാനത്തിലേക്ക്

ഓർത്തഡോക്സ് സഭയുടെ ആരാധനാ ജീവിതത്തിലെ അനുപേക്ഷണീയ ഘടകങ്ങളാണ് നോമ്പും ഉപവാസവും. ഉച്ചവരെയെങ്കിലും ഉപവാസം എടുക്കാത്തവരെ നോമ്പു നോൽക്കുന്നവരായി കണക്കാക്കുവാൻ പാടില്ല യെന്നാണ് ഹൂദായ കാനോൻ അനുശാസിക്കുന്നത്. ആയതിനാൽ ഓർത്തഡോക്സ് സഭാംഗമായിരുന്നാൽ ഉപവാസം അനുഷ്ഠിക്കാതിരിക്കുവാൻ പാടില്ല. ആത്മീകവും ശാരീരികവുമായ ആരോഗ്യത്തിന് ഇത് അത്യന്താപേക്ഷിതമാണ്. ആത്മീയ ജ്ഞാനത്തിൽ വളരുവാനുള്ള ഒരു സംവിധാനമായിട്ടാണ് സഭയുടെ പൂർവ്വപിതാക്കന്മാർ ഇതിനെ കണക്കാക്കി ആചരിച്ചിരുന്നത്. ഈ തിരിച്ചറിവ് ഇന്ന് പലർക്കും ഇല്ലാത്തതിനാൽ ഓർത്തഡോക്സ് സഭയിൽ പോലും നോമ്പും ഉപവാസവും ആചരിക്കുന്നതിൽ തീഷ്ണത കുറഞ്ഞുപോയിരിക്കുന്നു. അതിഭക്ഷണം മനുഷ്യന് ഉന്മേഷക്കുറവും ഭയമുള്ളവനുമാക്കുന്നുവെന്നും ഉപവാസം മനുഷ്യനെ സന്തോഷവും ധൈര്യവും ഉള്ളവനാക്കുന്നുവെന്നുമാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്. അതിഭക്ഷണ പ്രിയന് അമിത ഭക്ഷണപ്രിയം കൂടി വരും. എന്നാൽ ഉപവാസം നമ്മിൽ കൂടുതൽ സഹനശക്തി ഉണ്ടാക്കുന്നു. ഉപവാസം മുഖാന്തിരമുണ്ടാവുന്ന ദൈവകൃപ അനുഭവിക്കുമ്പോൾ മാത്രമെ കൂടുതൽ പ്രാവശ്യം ഉപവസിക്കുവാനുള്ള പ്രചോദനമുണ്ടാവൂ. അങ്ങിനെ ഉപവാസജീവിതത്തിൽ വളർന്നു വന്ന പിതാക്കന്മാരാണ് ദൈവിക ജ്ഞാനത്തിന്റെ ശ്രീകോവിലിലെത്തിയത്. പ. പരുമലത്തിരുമേനിയും പാമ്പാടിത്തിരുമേനിയുമൊക്കെ ഇതിന് ഉത്തമ ഉദാഹരണങ്ങളാണല്ലോ. ഒരു ഓർത്തഡോക്സ് സഭാംഗത്തിന് പ്രാണവായുപോലെ തന്നെ കണക്കാക്കേണ്ടതാണ് ഉപവാസം. മനസ്സ് സകല അശുദ്ധ വിചാരങ്ങളും മുഖാന്തിരം മലിനമാക്കപ്പെടാതിരിക്കുവാൻ ആഗ്രഹിക്കുന്നവർ ഉപവാസം കർശനമായും അനുഷ്ഠിച്ചിരിക്കേണ്ടതാണ്. ഒരു ദിവസം ഒരു പ്രാവശ്യം മാത്രം ഭക്ഷണം കഴിക്കയെന്നതാണ് ഉപവാസത്തിന്റെ അടിസ്ഥാനരീതി. "ഏകഭുക്തം മഹായോഗി; ദ്വിഭുക്തം മഹാഭോഗി; ത്രിഭുക്തം മഹാരോഗി; ബഹുഭുക്തം മഹാപാപി" എന്ന ഹൈന്ദവ പ്രമാണത്തോടും ഇത് ഒത്തുവരുന്നു.

### 1. ഉപവാസത്തിന്റെ ഭൗതിക ഔഷധമൂല്യം

ഉപവാസം ശ്രേഷ്ഠമായ ഔഷധമായി ആയുർവേദാചാര്യന്മാർ നൂറ്റാണ്ടുകൾക്ക് മുമ്പേ മനസ്സിലാക്കിയിരുന്നു. ദീർഘകാലം ആശുപത്രികളിൽ കയറിയിറങ്ങി ചികിത്സയും മരുന്നും മാറി മാറി പരീക്ഷിച്ചിട്ടും കുറയാതെ വരുന്ന ചില രോഗങ്ങളുമായി കഷ്ടപ്പെടുന്നവർ ക്രമമായ ഉപവാസമെടുത്ത് പത്ഥ്യാനുഷ്ഠാനങ്ങളോടെ ആഹാര നിയന്ത്രണവുമായി മരുന്നു കഴിക്കുമ്പോൾ അത്ഭുതകരമായ രോഗശാന്തി ലഭിക്കുന്നതായി കാണാം. 'ഭക്ഷണം തന്നെ രോഗം. ഭക്ഷണം തന്നെ ഔഷധം' എന്ന് പ്രകൃതിജീവനക്കാരുടെ തത്വം ഇവിടെ പ്രായോഗികമാവുന്നു. 'ലംഘനം പരമൗഷധം" എന്ന് ആയർവേദാചാര്യന്മാരും സാക്ഷിക്കുന്നു. ശരീരത്തിൽ നിന്നും ദുർമ്മേദസ്സും ദോഷങ്ങളും കളഞ്ഞ് മനസ്സിനും ശരീരത്തിനും ലാഘവമുണ്ടാക്കുന്ന ചികിത്സയാണ് ലംഘന ചികിത്സയെന്ന് അവർ പറയുന്നു. ക്രമമായ ഉപവാസവും പത്ഥ്യമായ ആഹാരം ഇളം വെയിലേൽക്കുന്നതും ശുദ്ധവായു ശ്വസിക്കുന്നതും പൗരാണിക വിധികളിലെന്നപോലെ ആധുനിക പഠനങ്ങളിലും ആരോഗ്യരക്ഷ ഉറപ്പുവരുത്തുന്നതായി കാണിക്കുന്നുണ്ട്.

ഉപവാസമെടുക്കണമെന്ന് പറയുമ്പോൾ പട്ടിണി കിടക്കുവാൻ വയ്യെന്ന് പറയുന്നവരുണ്ടെന്നത് തെറ്റായ ധാരണമൂലമാണെന്നും പൂർണ്ണമനസ്സോടെ സന്തോഷമായി ആഹാരം വേണ്ടെന്നു വയ്ക്കുന്നതാണ് ഉപവാസം എന്നും ആയുർവേദാചാര്യന്മാർ പഠിപ്പിക്കുന്നു. വിശ്രമമില്ലാതെ നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആന്തരാവയവങ്ങൾക്ക് വിശ്രമം നല്കുകയാണ് ഉപവാസത്തിന്റെ ലക്ഷ്യമെന്നാണ് അവരുടെ വീക്ഷണം. അവയവങ്ങളിലടിഞ്ഞുകൂടിയിരിക്കുന്ന ദുർമേദസ്സും കൊഴുപ്പും വിഷാംശങ്ങളും ലയിപ്പിച്ച് പുറന്തള്ളാൻ പ്രാണശക്തിയ്ക്ക് ഉപവാസം മുഖാന്തിരം ഊർജ്ജം ലഭ്യമാക്കുന്നുവെന്ന് അവർ പഠിപ്പിക്കുന്നു. ഹൃദയം, ശ്വാസകോശം, കരൾ, പാൻക്രിയാസ്, ആമാശയം, ചെറുകുടൽ, വൻകുടൽ, വൃക്കകൾ, ഞരമ്പുകൾ, ഇന്ദ്രീയങ്ങൾ എന്നിവയുടെ പ്രവർത്തനക്ഷമത കൂടുന്നുവെന്നും രക്തത്തിൽ ചുവന്ന രക്താണുക്കൾ കൂടുന്നുവെന്നും പറയുന്നു. പകൽ മുഴുവൻ ജാഗ്രതയോടെ പ്രവർത്തിക്കുന്ന കണ്ണ്, ചെവി, നാക്ക്, മൂക്ക്, ത്വക്ക് എന്നീ പഞ്ചേന്ദ്രീയങ്ങൾക്ക് വിശ്രമം ലഭിക്കുന്നത് ഉറങ്ങുമ്പോഴാണല്ലോ. ആയതിനാൽ ശരിയായ ഉറക്കമില്ലായ്മ മാനസിക പിരിമുറുക്കവും ആയാസവും വർദ്ധിപ്പിച്ച് ശാരീരികവും മാനസീകവുമായ രോഗങ്ങൾക്ക് കാരണമാക്കുമെന്നത് വളരെ സ്പഷ്ടമാണ്. എന്നാൽ ഉറങ്ങുമ്പോഴും ആന്തരാവയവങ്ങൾ പചനക്രിയയിലേർപ്പെട്ടിരിക്കുന്നതിനാൽ ശരിയായ ശാരീക വിശ്രമം കിട്ടണമെങ്കിൽ ഉപവാസമെടുക്കുക തന്നെ വേണമെന്ന് അവർ ശഠിക്കുന്നു. ഏഴാം ദിവസം ദൈവവും തന്റെ പ്രവൃത്തിയിൽ നിന്ന് വിശ്രമിച്ചുവല്ലോ (ഉല്പ.2:2)

ആധുനിക വൈദ്യശാസ്ത്രവും ഇപ്പോൾ ഉപവാസത്തെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് ഡോ. എ.വി. സുരേഷ് സമർത്ഥിക്കുന്നു. കൃത്യസമയത്ത് ആഹാരം കഴിച്ചില്ലെങ്കിൽ വയറ്റിൽ അമ്ലസ്രാവം വർദ്ധിച്ച് അൾസറുണ്ടാവുമെന്ന് പറയുന്നുവെങ്കിലും ആഹാരം വയറ്റിലെത്തിയാൽ മാത്രമെ അമ്ലസ്രാവങ്ങൾ വേണ്ടവിധത്തിൽ ഉണ്ടാവുകയുള്ളുവെന്നും ഉപവാസ സമയത്ത് ആയതിനാൽ അമ്ലസ്രാവം ഉണ്ടാവുന്നുമില്ലെന്ന് അദ്ദേഹം സമർത്ഥി

ക്കുന്നു. പല ആധുനിക വൈദ്യശാസ്ത്രപഠനങ്ങളും ഉപവാസം ആയുസ്സ് വർദ്ധിപ്പിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഉപവാസമെടുക്കുമ്പോൾ മറ്റു പലതിനായി ഉപയോഗിക്കപ്പെടേണ്ട ഊർജ്ജം ശരീരത്തിൽ ശേഖരിക്കപ്പെടുമെന്നും ഇത് ശരീരത്തെ കൂടുതൽ ഭദ്രമാക്കി നിലനിർത്തുമെന്നും തന്മൂലം ആരോഗ്യത്തോടുകൂടി കുറെക്കാലം കൂടി ജീവിക്കാനുള്ള ത്രാണി മനുഷ്യന് ലഭിക്കുമെന്നുമാണ് പഠനം വ്യക്തമാക്കുന്നത്.

ഖരരൂപത്തിലുള്ളതോ ദ്രവരൂപത്തിലുള്ളതോ ആയ ആഹാരം കഴിക്കാതെ ശുദ്ധമായ ജലം മാത്രം കുടിച്ച് പതിവുകാര്യങ്ങൾ ചെയ്യുന്ന ആളിനെ മാത്രമേ ശരിയായ ഉപവാസമനുഷ്ഠിക്കുന്ന വ്യക്തിയായി ഗണിക്കാനാവൂ എന്ന് ആയൂർവേദം പറയുന്നു. ശുദ്ധ ജലം മാത്രം കഴിച്ച് ഉപവസിക്കുന്നത് മൂന്ന് ദിവസത്തിൽ കൂടുതൽ ആവശ്യമില്ലെന്നും പറയുന്നുണ്ട്. കരിക്കിൻ വെള്ളം, പഴച്ചാർ, പച്ചക്കറിച്ചാർ, ചെറിയ ചൂടുവെള്ളത്തിൽ ചെറുനാരാങ്ങ പിഴിഞ്ഞൊഴിച്ചത് എന്നിവയിലേതെങ്കിലും കഴിച്ചുകൊണ്ടുള്ള ഉപവാസരീതിയും അവർ പഠിപ്പിക്കുന്നു. ഉപവാസമെടുക്കുന്നതിന്റെ തലേദിവസവും ഉപവാസത്തിന് ശേഷമുള്ള ദിവസവും പഴങ്ങൾ മാത്രം കഴിക്കുന്നത് നല്ലതായിരിക്കുമെന്ന് ആയുർവേദാചാര്യന്മാർ കുരുതുന്നു. ഉപവാസമവസാനിപ്പിക്കുന്നത് ദ്രവാഹാരം കഴിച്ചുകൊണ്ടായിരിക്കണമെന്നും ആയതിനു പഴച്ചാറോ ലഘുവായ പഴങ്ങളോ ആവാമെന്നും അവർ കൂട്ടിച്ചേർക്കുന്നുണ്ട്. ഉപവാസശേഷം ഒന്നാം ദിവസം പഴച്ചാറും രണ്ടാം ദിവസം പച്ചക്കറികളും മൂന്നാം ദിവസം മുതൽ ധാന്യാഹാരവും ആകാമെന്ന് നിർദ്ദേശിക്കുന്നു. ഇസ്നോഫീലിയ, ബ്രോങ്കൈറ്റിസ്, ബ്രോങ്കൈൽ ആസ്മ, രക്തസമ്മർദ്ദം, പ്രമേഹം. ത്വക്ക് രോഗങ്ങൾ, സന്ധിവാതം തുടങ്ങിയ രോഗങ്ങൾക്ക് ക്രമമായ ഉപവാസവും പത്ഥ്യാഹാരവും, സൂര്യനമസ്ക്കാരം തുടങ്ങിയ ലഘുവായ വ്യായാമവും വെയിൽ കായലും കാറ്റേൽക്കലുമൊക്കെ ചെയ്യുമ്പോൾ വളരെപെട്ടെന്നുതന്നെ കുറവുണ്ടായ അനുഭവങ്ങളുണ്ടെന്ന് പ്രകൃതി ജീവനക്കാർ സാക്ഷിക്കുന്നു. വയറിളക്കം, ഛർദ്ദി തുടങ്ങിയ അവസരങ്ങളിൽ ഖരാഹാരമുപേക്ഷിക്കണമെന്നും പാനീയ ചികിത്സയാണുത്തമമെന്നും ആധുനിക വൈദ്യശാസ്ത്രവും അംഗീകരിക്കുന്നുണ്ട്. രോഗമുള്ളപ്പോൾ ആഹാരം സാധാരണപോലെ കഴിച്ചാൽ അത് രോഗിയെ പോഷിപ്പിക്കാതെ രോഗത്തെ പോഷിപ്പിക്കുന്നുവെന്നും തന്മൂലം രോഗം വർദ്ധിക്കുന്നുവെന്നും അവർക്ക് അഭിപ്രായമുണ്ട്. “The more sick the body is the more it is hurting by feeding” (quoted from Hypocratus). പല മരുന്നുകളും മാറി മാറി ഉപയോഗിച്ചിട്ടും മാറാത്ത രോഗങ്ങൾ ക്രമമായ ഉപവാസം കൊണ്ടു മാറുന്നുവെങ്കിൽ ഉപവാസം ഔഷധമല്ലെന്ന് എങ്ങിനെ പറയാൻ സാധിക്കും? “ലംഘനം പരമൗഷധം” എന്ന വാക്യം ആയുർവേദത്തിലെന്നപോലെ വേദശാസ്ത്രരംഗത്തും മിഴവുറ്റ ഒരു തത്വമായി ഏദൻ തോട്ടം മുതലേ സ്പഷ്ടമാണ്.

**2. ഉപവാസത്തിന്റെ വേദപുസ്തക സാക്ഷ്യം.**

എബ്രായഭാഷയിൽ ‘തേവാത്ത്’ (tev-auth) ‘തഹനീത്ത്’ (tahaneeth) എന്നീ വാക്കുകളും ഗ്രീക്കുഭാഷയിൽ അസീറ്റിയ (Aseeteeah), അസീറ്റോസ് (aseetos), നേസിറ്റിസ് (Nacetis) എന്നീ വാക്കുകളും വേദപുസ്തകത്തിൽ ഉപവാസം എന്ന് അർത്ഥമാക്കുവാൻ ഉപയോഗിക്കുന്നു. ‘തേവാത്ത് എന്നതിന് ‘വിശപ്പിനെ ദീർഘിപ്പിക്കുക’ എന്നും താനീത്ത് എന്ന വാക്കിന് ‘സ്വയം ഞെരുക്കുക’ എന്നും അർത്ഥം. അസീറ്റിയ എന്നതിന് ‘ഭക്ഷണവർജ്ജനം’ എന്നും അസീറ്റോസ് എന്നതിന് ‘നിരാഹാരം’ എന്നും നേസിറ്റിസ് എന്നതിന് ‘തിന്നാതിരിക്കുക, എന്നും അർത്ഥം.

**a. ഏദൻതോട്ടത്തിലെ ഉപവാസം**

കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും ദൈവം നിലത്തുനിന്നു മുളപ്പിച്ച ഏദൻ തോട്ടത്തിൽ (ഉല്പ. 2:9) മനുഷ്യനെ ദൈവം ആക്കിയത് അവിടെ വേലചെയ്യുവാനും തോട്ടം കാക്കുവാനുമാണ് (ഉല്പ.2:15). തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം ഇഷ്ടം പോലെ തിന്നാമെന്നു ആദാമിന് അനുവാദം കൊടുത്ത ദൈവം നന്മതിന്മക്കളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നീ തിന്നരുതെന്നും, തിന്നുന്ന നാളിൽ നീ മരിക്കുമെന്നും മുന്നറിയിപ്പ് നല്കി (ഉല്പ. 2:17). ‘അറിയുക’ എന്ന എബ്രായ പദത്തിന് അനുഭവിക്കുക (feel or experience) എന്ന അർത്ഥതലമാണുള്ളത്. അനാദിയായ സൃഷ്ടാവാം ദൈവത്തിന്റെ നല്ല രൂപത്തിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെങ്കിലും നിലത്തെ പൊടിയിൽ നിന്ന് നിർമ്മിക്കപ്പെട്ട മനുഷ്യന് തന്റെ ആരംഭത്തിലെ പരിമിതിയിൽ നന്മ തിന്മ അനുഭവേദ്യമാകുമ്പോൾ തിന്മയ്ക്കതീതമായി നന്മയിൽ പിടിച്ചു നില്ക്കുവാനുള്ള ശക്തിക്കുറവുമൂലമാണ് ആ വൃക്ഷത്തിന്റെ ഫലം നീ തിന്നരുത് എന്നു കല്പിച്ചത് എന്നു ചിന്തിക്കാം. സൃഷ്ടിയെന്ന പരിമിതിയിലുള്ള മനുഷ്യന്റെ പരിമിതിയിൽ നിന്ന് സൃഷ്ടാവിന്റെ സാദൃശ്യത്തിലുള്ള വളർച്ചയിൽ അവൻ എത്തുമ്പോൾ നന്മ തിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നാലും അവന് ദൈവത്തെപ്പോലെയുള്ള ഇന്ദ്രീയാതീതാവസ്ഥ (Apatheia or passionlessness), അവന് നന്മയിൽ പിടിച്ചു നില്ക്കുവാനുള്ള ത്രാണി ഉണ്ടാകുമായിരുന്നിരിക്കാം. അപ്പോൾ അവന് ഒരു പക്ഷെ ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ ദൈവം നല്കുമായിരുന്നിരിക്കാം.

ഭക്ഷണം ദൈവത്തിന്റെ ദാനമാണെന്നും അതിൽ ചിലത് തിന്നാതിരിക്കുന്നത് ദൈവ സംസർഗ്ഗത്തിലും സജീവത്വത്തിലും നിലനില്ക്കുവാനുള്ള ഒരു മാർഗ്ഗമായി ദൈവം കല്പിച്ചു നിയമിച്ചിരിക്കുന്നതുമാണെന്നും സൃഷ്ടിയുടെ പരിമിതിയാണ് ഈ നിയന്ത്രണത്തിന് വിധേയമാകേണ്ടതിന്റെ കാരണമെന്നും ഇവിടെ വ്യക്തമാക്കുന്നു. എല്ലാം ഇഷ്ടംപോലെ തിന്നുന്നവന് നന്മ തിന്മകളുടെ അനുഭവത്തിൽ നന്മയിൽ പിടിച്ചു നിൽക്കുവാനുള്ള സാഹചര്യം ഒരുക്കുവാനും ദൈവത്തോടുള്ള വിധേയത്തിൽ ഇത് സാധിച്ചെടുക്കുവാനും ‘തിന്നരുത് ’ എന്ന് കല്പിച്ചിരിക്കുന്നത് തിന്നാതിരിക്കേണ്ട ആവശ്യമുണ്ട്. ദൈവ കല്പന അനുസരിക്കാത്തതുമൂലം നന്മയായി സൃഷ്ടിക്കപ്പെട്ട ഭൂമി ആദാം മുഖാന്തിരം ശപിക്കപ്പെടുകയും (ഉല്പ. 3.17) ആയുഷ്ക്കാലം മുഴുവൻ കഷ്ടതയോടെ വയലിലെ സസ്യം (ഏദനിലെ പഴങ്ങൾക്കു പകരം) കൊണ്ട് ഉപജീവനം കഴിക്കുവാൻ വിധിക്കപ്പെട്ടത് പൊടിയായ മനുഷ്യൻ പൊടിയിലേക്കു ചേരുന്നതുവരെയാണ് (ഉല്പ. 3.18, 19) നിലത്തു നിന്ന് എടുക്കപ്പെട്ട പൊടി കൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവം ഏദൻ തോട്ടത്തിലാക്കിയെങ്കിലും ഭക്ഷണനിയന്ത്രണം ഇല്ലാതെ വന്നപ്പോൾ ഏദനിൽ നിന്നു പുറത്താക്കപ്പെട്ട് അവൻ എടുക്കപ്പട്ട നിലത്തു കൃഷി ചെയ്തു ജീവിക്കുവാൻ ആക്കപ്പെട്ടു എന്നത് ഭാഗ്യങ്ങൾ പൂർണ്ണമതാം പറുദീസാ സദൃശ്യമായ സഭയിൽ നിലനിൽക്കുന്നതിന് ഉപവാസത്തിന്റെ ആവ

ശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. സഭയിൽ ദൈവസം സർഗ്ഗത്തിൽ വളർന്ന് ദൈവത്തെക്കുറിച്ചുള്ള അറിവിൽ വളരുവാൻ ഏദൻതോട്ടത്തിലെന്നപോലെ സഭയിലും നോമ്പും ഉപവാസവും അനുഷ്ടിക്കേണ്ടതാണ്.

**b. വ്യക്തികളും സമൂഹങ്ങളും ഉപവാസത്തിൽ**

1. മോശ നാല്പതു രാവും നാല്പതു ദിവസവും ഉപവാസത്തിലും ദൈവസന്നിധിയിൽ സീനായ് പർവ്വതത്തിൽ ഇരുന്നു. (പുറ. 24.18)

2. ഗിലയാദിലെ യാബേശ് നിവാസികൾ ശൗൽ രാജാവിന്റെയും പുത്രന്മാരുടെയും അസ്ഥികളെ യാബേശിലെ പിചുലവൃക്ഷത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ടശേഷം ഏഴുദിവസം ഉപവസിച്ചു. (1 ശമു. 31.13)

3. ദാവീദു രാജാവ് കഠിനരോഗ ബാധിതനായ മകനുവേണ്ടി ദൈവത്തോട് അപേക്ഷിച്ചുകൊണ്ട് ഉപവസിച്ചു (2 ശമു. 12:6)

4. ഏലീയാവ് നാല്പതുദിവസം ഉപവസിച്ചുകൊണ്ട് മരുഭൂമിയിൽ കൂടി ഹോറേബ് പർവ്വതം വരെ നടന്നു (1 രാജാ. 19.8)

5. പാർസി രാജാവായ അർത്ഥഹ്ശഷ്ടാരാജാവിന്റെ കാലത്ത് ശാസ്ത്രിയായിരുന്ന എസ്രാ പുരോഹിതന്റെ നേതൃത്വത്തിൽ ബാബേലിൽ നിന്നും യേരുശലേമിലുവന്ന യഹൂദന്മാർ അവരുടെ ശുഭകരമായ മടക്കയാത്രയ്ക്കുവേണ്ടി ഉപവസിച്ചു. (എസ്രാ. 8.23)

6. യേരുശലേമിന്റെ മതിലുകൾ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവച്ചും ചുട്ടും കിടക്കുന്നതുകേട്ട നെഹമ്യാവ് ശൂശൻ രാജധാനിയിൽ കുറെ നാൾ ഉപവസിച്ചു പ്രാർത്ഥിച്ചു (നെഹ. 1.4)

7. പ്രവാസത്തിൽ നിന്നും തിരിച്ചെത്തിയ യഹൂദന്മാർ ന്യായപ്രമാണം എസ്രാ പുരോഹിതൻ മുഖാന്തിരം വായിച്ചുകേട്ടപ്പോൾ തങ്ങളുടെയും പിതാക്കന്മാരുടെയും പാപങ്ങളെക്കുറിച്ച് അനുതപിച്ച് പ്രാർത്ഥിച്ചു രട്ടിലും വെണ്ണീറിലും പൂഴിയിലും ഇരുന്ന് ഉപവസിച്ചു (നെഹ. 9.1)

8. എസ്തേറും മോർദ്ദേഖായിയും എല്ലാ യഹൂദന്മാരും അവരുടെ ഹാമാൻ മുഖാന്തിരം വംശനാശം വരാതിരിപ്പാൻ വേണ്ടി മൂന്നു ദിവസം ഉപവസിച്ചു (നെഹ. 4.16)

9. ദാവീദുരാജാവ് ഉപവാസംകൊണ്ട് ആത്മതപനം ചെയ്തു എന്നും (സങ്കീ. 35.13, 69.10) എന്റെ മുഴങ്കാലുകൾ ഉപവാസംകൊണ്ടു വിറയ്ക്കുന്നുവെന്നും രേഖപ്പെടുത്തുന്നു.

10. യശയ്യാ പ്രവാചകൻ യഥാർത്ഥ ഉപവാസം കാരുണ്യ പ്രവർത്തികളിലൂടെ ആവിഷ്ക്കരിക്കണമെന്നു പഠിപ്പിക്കുന്നു (യശ. 5.5 - 8)

11. യിരമ്യാ പ്രവാചകൻ, ദൈവം നല്കിയ അരുളപ്പാടുകൾ എഴുതിയ ബാരൂക്ക് എന്ന അദ്ദേഹത്തിന്റെ എഴുത്തുകാരൻ യേരുശലേം ദേവാലയത്തിൽ ഉപവാസദിവസത്തിൽ ജനം കേൾക്കെ വായിക്കുവാൻ നിർദ്ദേശിച്ചു (യിര. 6.6) ഉപവാസത്തോടെ ദൈവ വചനം കേൾക്കേണ്ടതിന്റെ ആവശ്യകത സ്പഷ്ടമാക്കുന്നു.

12. ദാനിയേൽ പ്രവാചകനെ സിംഹക്കുഴിയിൽ ഇടുവാൻ നിർബന്ധിതനായ ദാര്യാവേശ രാജാവ് ദാനിയേലിന്റെ ദൈവ കരുതലിനും രക്ഷയ്ക്കും വേണ്ടി രാത്രിയിൽ ഉപവസിച്ചു. (ദാനി. 6.18) സിംഹക്കുഴിയിൽ നിന്നും രക്ഷപെട്ട ദാനിയേൽ എല്ലാ യിസ്രായേലിന്റെയും യേരുശലേം നഗരത്തിന്റെയും രക്ഷയ്ക്കായി പ്രാർത്ഥിച്ചു. (ദാനി. 9.3)

13. യോവേൽ പ്രവാചകൻ യിസ്രായേൽ ജനത്തോട് അവരുടെ പാതകങ്ങൾക്ക് പ്രായശ്ചിത്തം വരുവാൻ പൂർണ്ണ ഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടുംകൂടെ യഹോവയിലേക്കു തിരിയുവാൻ ആഹ്വാനം ചെയ്യുന്നു (യോവേൽ. 2.12)

14. യോനാ പ്രവാചകന്റെ പ്രസംഗം കേട്ട് മഹാനഗരമായ നിനെവെക്കാർ ദൈവത്തിൽ വിശ്വസിച്ചു ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽ പരം ആളുകൾ ഉപവാസത്തിലൂടെ നാശത്തിൽ നിന്നു രക്ഷപ്രാപിച്ചു (യോന. 3.5)

15. യേശു നാല്പതു രാവും നാല്പതു പകലും ഉപവസിച്ചു (മത്താ. 4.2)

16. നമ്മുടെ ഉപവാസം ബാഹ്യ പ്രകടനങ്ങളിലാകരുതെന്ന് കർത്താവ് ഉപദേശിച്ചു (മത്താ. 6.16 - 18)

17. മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർ ഉപവസിക്കുന്നില്ലയെന്നും മണവാളൻ പിരിഞ്ഞുപോകുമ്പോൾ അവർ ഉപവസിക്കുമെന്നുള്ളത് ഉയിർപ്പു മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാലത്തെ ഉപവാസമില്ലാത്തകാലമായി സഭ കണക്കാക്കുന്നതിന്റെ കാരണമായി പഠിപ്പിക്കുന്നു (മത്താ. 9:14, 15)

18. പിശാചിന്റെ മേൽ നമുക്ക് ആധിപത്യം സ്ഥാപിക്കുവാൻ ഉപവാസം ഒരു അത്യന്താപേക്ഷിത ഘടകമായി യേശു പഠിപ്പിക്കുന്നു (മത്താ. 17.21)

19. യഹൂദന്മാർ ഒരാഴ്ചയിൽ രണ്ടു പ്രാവശ്യം വീതം ഉപവസിച്ചിരുന്നു (ലൂക്കോ. 18.12) മാത്രമല്ല അവർ അഞ്ചാം മാസത്തിലും ഏഴാം മാസത്തിലും ക്രമമായി ഉപവസിച്ചിരുന്നുവെന്ന് സഖറിയ 7.5 ലും കാണാം.

20. ആദിമ സഭ ശൗലിനെയും ബർന്നബാസിനെയും സുവിശേഷ വേലയ്ക്കായി കൈവ്യ്പ്പു നടത്തി ചുമതലപ്പെടുത്തുന്നത് ഉപവസിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ കിട്ടിയ ദൈവ നിയോഗത്താലായിരുന്നു. (അപ്പോ. 13.3). സഭ ഇന്നും പട്ടംകൊട ശുശ്രൂഷയ്ക്കു മുമ്പായി കാർമ്മികനും പട്ടമേൽക്കുന്നയാളും ഒരു നിശ്ചിത കാലത്തേക്ക് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയണമെന്നു പഠിപ്പിയ്ക്കുന്നു. ഇക്കാര്യം വീണ്ടും അപ്പോ. 14.23 ലും കാണുന്നു.

21. ഉപവാസം അനുഷ്ടിക്കുമ്പോൾ വിവാഹിതർ വിവാഹബന്ധത്തിൽ നിന്നും അകന്നിരിക്കണമെന്ന് വി. പൗലോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നു. (1 കൊരി. 7.5). നോമ്പു ദിവസങ്ങളിൽ വിവാഹ കൂദാശ അനുവദിക്കാത്തതിന്റെ ന്യായീകരണം സഭ ഇവിടെ കാണുന്നു.

22. ദൈവത്തിനു സേവ ചെയ്തുകൊണ്ട് അവന്റെ മഹത്വസന്നിധിയിൽ പ്രവേശിക്കുന്ന ഏഴു ദൂതന്മാരിൽ ഒരുവനായ റഫായേൽ പുതുതായി വിവാഹിതരായ തോബിയാസിനോടും ഭാര്യ സാറയോടും നല്കുന്ന ഉപദേശങ്ങളിൽ 'നീതിയോടും ദാനധർമ്മങ്ങളോടും ഉപവാസത്തോടും കൂടിയുള്ള പ്രാർത്ഥന നല്ലതാകുന്നു' എന്നും 'നീതിരഹിതമായ വലിയ സമ്പത്തിനെക്കാൾ നീതിയോടുകൂടിയ അല്പമാണ് (ധനം) നല്ലതെന്നും', 'സ്വർണ്ണം സ്വരൂപിക്കുന്നതിനെക്കാൾ ധർമ്മദാനം ചെയ്യുന്നതാണ് ശ്രേഷ്ഠം' എന്നും പ്രബോധിപ്പിക്കുന്നത് (തോബീത്ത് 12.8). നോമ്പ്, ഉപവാസം, പ്രാർത്ഥന, ദാനധർമ്മങ്ങൾ, സന്മാർഗ്ഗ ജീവിതം ഇവയെല്ലാം ഒത്തുചേരുമ്പോഴാണല്ലോ വിശുദ്ധ ജീവിതം തുടങ്ങുന്നത്.

23. 2 മക്കാ. 13.12

അന്തിയോക്കസ് എപ്പിഫാനസിനെ തോല്പിച്ച് യൂദാ മക്കാബിയും കൂട്ടരും യേരുശലേം ദേവാലയം ശുദ്ധീകരിച്ചു പെരുന്നാൾ നടത്തിക്കഴിഞ്ഞ് അന്ത്യോക്കസ് എപ്പിഫാനസിന്റെ മകൻ അന്ത്യോക്കസ് യൂപ്പത്തോർ ഒരു വലിയ സൈന്യവുമായി യൂദാമക്കാബിക്കു നേരേ വന്നപ്പോൾ യൂദാമക്കാബി യഹൂദ ജനത്തോട് ആവശ്യപ്പെട്ടപ്രകാരം അവർ മൂന്നു ദിവസം തുടർച്ചയായി വിലപിക്കയും ഉപവസിക്കുകയും കരുണാകരനായ കർത്താവിനോട് സാഷ്ടാംഗം വീണ്കേണപേക്ഷിക്കുകയും ചെയ്തു. പ്രാർത്ഥന നോമ്പ്, ഉപവാസം, കുമ്പിടീൽ ഇവയെല്ലാം ഒരുമിച്ചു ചേരുമ്പോൾ അവ ദൈവകൃപയ്ക്കുള്ള മുഖാന്തിരമായി മാറുന്നു.

*(തുടരും...)*

# പ.വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ

(കഴിഞ്ഞ ലക്കം തുടർച്ച)

84 കാതോലിക്കോസിന്റെ സ്ഥാനത്തേക്കുള്ള അവകാശി ഒരു മെത്രാപ്പോലീത്തയോ മെത്രാപ്പോലീത്ത സ്ഥാനത്തേക്കുള്ള അവകാശി ഒരു എപ്പിസ്കോപ്പയോ ആയിരിക്കണമെന്നു വിചാരിച്ചു യാതൊരു വിധത്തിലും പ്രവർത്തിച്ചുകൂടാ. ഒരു റമ്പാനോ കത്തനാരോ ആയിരുന്നാലും യോഗ്യതയ്ക്കാണ് അവകാശം കൊടുക്കേണ്ടത്.

85 എത്ര തന്നെ സമർത്ഥനായിരുന്നാലും യോഗ്യതയും അവകാശവും തനിക്കാണെന്ന് ആരെങ്കിലും വാദിക്കയോ പരസ്യമായോ ഗൂഢമായോ അന്യന്മാരെ അതിലേക്ക് ഉൽസാഹിപ്പിക്കയോ ആരും ചെയ്തുകൂടാത്തതാണ്.

86 മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള ആളിനെ തെരഞ്ഞെടുക്കുകയും സ്ഥാനാഭിഷേകം ചെയ്യുകയും ചെയ്യുന്നതിന് ആകമാനസിനഡ് കൂട്ടി നടത്തുന്നതിനുള്ള പ്രത്യേക അധികാരവും അവകാശവും ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ തന്റെ മഹായിടവകയിൽ പെട്ട എപ്പിസ്കോപ്പൽ ഇടവകകളുടെ ആവശ്യത്തിലേക്കുള്ള മൂറോൻ കൂദാശ നടത്തുന്നതിനുള്ള അധികാരവും അവകാശവും കാതോലിക്കോസിനുള്ളതാണ്.

87 ഒരു മെത്രാപ്പോലീത്തായ്ക്ക് മെത്രാപ്പോലീത്താ എന്ന നിലയിൽ തന്റെ മഹായിടവകയിൽപെട്ട എപ്പിസ്കോപ്പൽ ഇടവകകളുടെ ആവശ്യത്തിലേക്കുള്ള മൂറോൻ കൂദാശ നടത്തുന്നതിനുള്ള അധികാരവും അവകാശവും ഇരിക്കുന്നതാണ്.

88 ഒരു എപ്പിസ്കോപ്പയ്ക്ക് തന്റെ എപ്പിസ്കോപ്പൽ ഇടവകയിൽപെട്ട കത്തനാർ, ശെമ്മാശ് എന്നീ സ്ഥാനങ്ങൾ കൊടുക്കുന്നതിനും തന്റെ മേലാവായ മെത്രാപ്പോലീത്തയിൽ നിന്നോ കാതോലിക്കോസിൽ നിന്നോ മൂറോൻ വാങ്ങി കൊടുക്കുന്നതിനും ഉള്ള അധികാരവും അവകാശവും ഇരിക്കുന്നതാണ്.

89 ഒരു എപ്പിസ്കോപ്പയ്ക്ക് മൂറോൻ കൂദാശ ചെയ്യുന്നതിനുള്ള അധികാരവും അവകാശവും ഇല്ലാത്തതും എന്നാൽ മൂറോൻ കുറവായിരുന്നാൽ നിയമാനുസരണം വർദ്ധിപ്പിച്ചുകൊടുക്കുന്നതിന് എപ്പിസ്കോപ്പൽ ഇടവകയുടെ ആവശ്യത്തിനുള്ള മാമോദീസായ്ക്കും രോഗികളുടെ തൈലാഭിഷേകത്തിനും വേണ്ട സൈത്ത് കൂദാശ ചെയ്തു കൊടുക്കുന്നതിനും ഉള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

90 തന്റെ എപ്പിസ്കോപ്പൽ ഇടവകയിൽപെട്ട പള്ളികൾ കൂദാശ ചെയ്യുന്നതിനും തബ്ലൈത്താകൾ കൂദാശ ചെയ്യുന്നതിനും ഉള്ള അധികാരവും എപ്പിസ്കോപ്പയ്ക്കായിരിക്കുന്നതാണ്.

91 നമ്മുടെ പൗരസ്ത്യ സഭയിൽ ശേഖരിക്കപ്പെടുന്നവയായ റിശീസായുടെ അവകാശവും തന്റെ പ്രത്യേക ഭരണത്തിലിരിക്കുന്ന എപ്പിസ്കോപ്പൽ ഇടവകയിലെ കൈമുത്തുപണവും തന്റെ മഹായിടവകയിൽ ഉൾപ്പെട്ട , ശേഷം എപ്പിസ്കോപ്പൽ ഇടവകകളിൽ നിന്നുമുള്ള കൈമുത്തുപണത്തിൽ പകുതിയും കാതോലിക്കോസിനുള്ള അവകാശമായിരിക്കും.

92 ഒരു മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്ന എപ്പിസ്കോപ്പൽ ഇടവകയിൽ നിന്നും ശേഖരിക്കുന്ന കൈമുത്തുപണവും തന്റെ മഹായിടവകയിൽ ഉൾപ്പെട്ട , ശേഷം എപ്പിസ്കോപ്പൽ ഇടവകകളിൽ നിന്നും ശേഖരിക്കുന്ന കൈമുത്തുപണത്തിന്റെ പകുതിയും മെത്രാപ്പോലീത്തായ്ക്കുള്ള അവകാശമായിരിക്കും.

93 തന്റെ ഭരണത്തിൽ കീഴിൽ ഇരിക്കുന്ന എപ്പിസ്കോപ്പൽ ഇടവകയിൽ നിന്നും ശേഖരിക്കുന്ന കൈമുത്തുപണത്തിന്റെ പകുതിയും എപ്പിസ്കോപ്പായ്ക്കുള്ള അവകാശമായിരിക്കും.

94 സിനഡുകളും കമ്മറ്റികളും ശേഷം ഭരണാധികാരികളും ആവശ്യം നേരിടുന്ന സമയങ്ങളിൽ അപ്പഴപ്പോൾ നിയമങ്ങൾ നിർമ്മിച്ചോ നിർമ്മിക്കാതെയോ വിധി കൽപിക്കുന്നതിനും അതുവഴിയായി മറ്റുള്ളവരെ തങ്ങൾക്കു കീഴ്പ്പെടുത്തുന്നതിനും ഇടയാകാതിരിപ്പാൻ തക്കവണ്ണം എന്തെല്ലാം സംഗതികൾക്ക് നിയമങ്ങൾ ആവശ്യമുണ്ടെന്ന് ആലോചിച്ചും തിരക്കിയും അറിഞ്ഞ് ഓരോ സംഗതിക്കും പ്രത്യേകം പ്രത്യേകം നിയമങ്ങൾ നിർമ്മിച്ച് അതനുസരിച്ച് വിധികൾ കൽപിക്കാൻ തക്കവണ്ണം മുമ്പുകൂട്ടി നിയമങ്ങൾ നിർമ്മിക്കേണ്ടതും അതിലേക്ക് ഒരു നിയമനിർമ്മാണ കമ്മറ്റിയെ ഏർപ്പെടുത്തേണ്ടതുമാണ്.

95 നിയമനിർമ്മാണ കമ്മറ്റി ആദ്യമേ ഒരു ശേഖരമായിട്ടും പിന്നീടപ്പോഴത്തെ ആവശ്യമനുസരിച്ചും നിർമ്മിക്കുന്ന നിയമങ്ങൾ ആകമാന സിനഡിൽ ഹാജരാക്കി ടി സിനഡിനെക്കൊണ്ട് പാസാക്കിച്ചു നടപ്പിൽ വരുത്തേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നതായാൽ നമ്മുടെ സഭാംഗങ്ങൾ മറ്റുള്ള ജനങ്ങൾക്ക് കീഴ്പ്പെടുകയല്ല നിയമങ്ങൾക്ക് കീഴ്പ്പെടുകയാണ് ചെയ്യുന്നത് എന്നുള്ള ഒരു ബോധം ഉണ്ടായി അനുസരണശീലം പഠിപ്പാൻ ഇടയാകും.

96 സിനഡുകളെയും മാനേജിംഗ് കമ്മറ്റികളെയും പൊതുയോഗങ്ങളെയും കുറിച്ചു മേൽ വിവരിച്ചപ്പോൾ അതിനുള്ള കോറം മുതലായതു പറയുകയുണ്ടായല്ലോ. ഓരോ സിനഡുകളും കമ്മറ്റികളും ആവശ്യപ്പെട്ട സന്ദർഭങ്ങളിൽ കുടുന്നതിനും കൂട്ടുന്നതിനുമുള്ള അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതുകൂടാതെ അവ നിർബന്ധമായി കൂട്ടേണ്ട ക്ലിപ്തകാലങ്ങളും പ്രാവശ്യങ്ങളും അംഗങ്ങളുടെ എണ്ണം, കോറം കൂടേണ്ട സ്ഥലം മുതലായവയും വിവരിച്ചിരിക്കണം.

97 സഭയിൽനിന്നോ പള്ളികളിൽ നിന്നോ സഭാംഗങ്ങളെ ഭ്രഷ്ടാക്കുന്നതിനും സസ്പെന്റ് ചെയ്യുന്നതിനും സഭയുടെ അധികാരികൾക്ക് ചേരുന്ന വിധത്തിലുള്ള പ്രായശ്ചിത്തം മുതലായ ശിക്ഷകൾ വിധിക്കുന്നതിനുമുള്ള അധികാരം എപ്പിസ്കോപ്പൻമാർക്കും സിനഡുകൾക്കും ഉള്ളതായിരിക്കണം.

98 കുമ്പസാരത്തിൽ വെളിപ്പെടുന്ന പാപങ്ങളുടെ പരിഹാരത്തിനായി കുമ്പസാരനിയമമനുസരിച്ചുള്ള പ്രായശ്ചിത്തങ്ങൾ വിധിക്കുന്നതിനും കൂദാശകൾ മുതലായ ആത്മീയദിഷ്ടതികൾ ചെയ്തുകൊടുക്കുന്നതിനും അയോഗ്യൻമാരായിത്തീരുന്ന ആളുകളെ സംബന്ധിച്ച് എപ്പിസ്കോപ്പയുടെ അടുക്കൽ ബോധിപ്പിച്ച് എപ്പിസ്കോപ്പയുടെ കൽപന വരുത്തുന്നതുവരെയുള്ള എത്രയും ചുരുങ്ങിയതായ ഒരു കാലത്തേയ്ക്കു അവർക്കുള്ള ആത്മീയദിഷ്ടതികൾ ചെയ്തുകൊടുക്കാതിരിക്കുന്നതിനും പട്ടക്കാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

99 കാതോലിക്കോസും മെത്രാപ്പോലീത്തൻമാരും തങ്ങളുടെ നേരിട്ടുള്ള ഭരണത്തിൻ കീഴുള്ള എപ്പിസ്കോപ്പൽ ഇടവകകളൊഴിച്ചു മറ്റുള്ള എപ്പിസ്കോപ്പൽ ഇടവകകളെ വിസിററു ചെയ്യുന്നതായാൽ ആയത് അധികാരത്തിലല്ല സൗഹാർദ്ദ രീതിയിലായിരിക്കണം. വിസിറ്റുകാലത്ത് മെത്രാപ്പോലീത്തൻമാരുടെയോ എപ്പിസ്കോപ്പൻമാരുടെയോ ഭരണത്തിലോ നടപടിയിലോ വല്ല കുറവുകളും കാണപ്പെടുന്നതായാൽ അതുകളെക്കുറിച്ച് അന്യൻമാർ

അറിവാൻ തക്കവണ്ണം പ്രസ്താവിച്ചു കൂടാത്തതും അന്യോന്യം സഹോദരൻമാർ എന്നുള്ള നിലയിൽ ആലോചനയായും ഗുണദോഷമായും പറയാവുന്നതും പരിഹാരമുണ്ടാകേണ്ട വയ്ക്ക് അധികാരമുള്ള സിനഡുകളിൽ മാത്രം പ്രസ്താവിച്ചു പരിഹാരമുണ്ടാക്കേണ്ടതാണ്.

100 നമ്മുടെ സമുദായത്തിൽ പെട്ട ഇംഗ്ലീഷ്, മലയാളം സ്കൂളുകളുടെ നടത്തിപ്പിന് ഒരു എഡ്യുക്കേഷൻ ബോർഡ് ഉണ്ടാക്കി ആ ബോർഡുവഴി ആയി നടത്തിക്കണം. അതിലേക്ക് ആവശ്യമുള്ള നിയമങ്ങൾ എഴുതി ഉണ്ടാക്കി അതനുസരിച്ചായിരിക്കണം നടത്തിക്കേണ്ടത്. സ്കൂൾ സംബന്ധമായ ഈ നിയമങ്ങളും മുൻപറഞ്ഞ നിയമനിർമ്മാണക്കമ്മറ്റി എഴുതി ഉണ്ടാക്കി ആകമാനസിനഡിൽ പാസാക്കി നടപ്പിൽ വരുത്തണം.

101 സഭ വകയായും ശക്തിയുള്ള ഇടവകയായും ദരിദ്രന്മാരായ സാധുക്കളുടെ ഉപയോഗത്തിനും മറ്റും ധർമ്മാശുപത്രികൾ, അനാഥശാലകൾ മുതലായവ ഉണ്ടാക്കി നടത്തിക്കണം.

102 ദയറാകൾ, തിയോളജിക്കൽ കോളേജുകൾ മുതലായവ, അനാഥശാലകൾ മുതലായ ധർമ്മസ്ഥാപനങ്ങളുടെ കൂട്ടത്തിൽ ചേർത്തു നിയമമുണ്ടാക്കാതെ അവയ്ക്ക് പ്രത്യേകം പ്രത്യേകം നിയമമുണ്ടാക്കണം.

103 സഭാ സംബന്ധമായ വിശ്വാസം, ആചാരം, വേദയറിവ്, ചരിത്രജ്ഞാനം, സുറിയാനിഭാഷ, തിയോളജി, അനുസരണം, ഭക്തി മുതലായവ പഠിപ്പിക്കയും പരിചയിപ്പിക്കയും ചെയ്യേണ്ട ദയറാകൾ, തിയോളജിക്കൽ സ്കൂളുകൾ മുതലായവ സിനഡുകളുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലിരിക്കേണ്ടത് അത്യാവശ്യമാകയാൽ പള്ളികളുടെ ഭരണത്തിനുള്ള നിയമങ്ങൾ പോലെ ഇതുകൾക്കും പ്രത്യേകം നിയമങ്ങൾ ഉണ്ടായിരിക്കണം.

104 ഓരോ എപ്പിസ്കോപ്പൽ ഇടവകയും ഓരോ ദയറായും തിയോളജിക്കൽ സ്കൂളും ഉണ്ടായിരിക്കുന്നതു കൊള്ളാം. അതിനു തൽക്കാലം ശക്തിയില്ലാത്ത സ്ഥിതിക്ക് ഓരോ മഹായിടവകയ്ക്കെങ്കിലും ഓരോ ദയറായും തിയോളജിക്കൽ സ്കൂളും ഉണ്ടായിരിക്കണം, അതുകൾ അതതു മഹായിടവക സിനഡിന്റെ നേരിട്ടു ഭരണത്തിലിരിക്കണം. അതുകളിലെ ദയറാക്കാർ , ശെമ്മാശൻമാർ മുതലായ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനും പരിശീലനത്തിനുമായി ഒരു ദയറായും തിയോളജിക്കൽ കോളേജും വിശേഷാൽ കോട്ടയത്തുണ്ടായിരിക്കണം. ഈ ദയറായും കോളേജും കാതോലിക്കോസ് അദ്ധ്യക്ഷത വഹിക്കുന്ന സിനഡിന്റെ ഭരണത്തിന്റെ കീഴ് ഇരിക്കണം.

105 ദയറാക്കാർക്കും തിയോളജിക്കൽ വിദ്യാർത്ഥികൾക്കും തൽക്കാലം വേറെ കെട്ടിടങ്ങൾ ഉണ്ടാക്കാൻ ശക്തി ഇല്ലാത്തതുകൊണ്ട് അവ രണ്ടും കൂടി ഒരേ കെട്ടിടത്തിൽ നടത്താൻ തക്കവണ്ണമല്ലാതെ ദയറാക്കാരുടെയും തിയോളജിക്കൽ വിദ്യാർത്ഥികളുടെയും സംഖ്യ തൽക്കാലം ചുരുക്കമായിരിക്കുന്നതുകൊണ്ട് അതുകൾക്ക് രണ്ടിനും കൂടി ഒരേ കെട്ടിടം മതിയാവുന്നതാണ്. അതാത് ഓരോ മഹായിടവകയ്ക്ക് ഓരോ കെട്ടിടവും ഉപരിപഠനത്തിനായി ഓരോ കെട്ടിടവും ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്.

106 തിയോളജിക്കൽ സ്കൂളുകളും കോളേജും ഓരോ ഇംഗ്ലീഷ് ഹൈസ്കൂളിന്റെയോ ഇംഗ്ലീഷ് കോളേജിന്റെയോ സമീപമായിരിക്കണം. സമുദായം വക മുതലുകൾ അധികവും ഇതിലേക്ക് ചെലവിടുവാൻ തക്കവണ്ണം നിയമമുണ്ടായിരിക്കണം.

107 ഓരോ മഹായിടവകയിൽ പെട്ട പൊതുമുതലുകൾ അതാതു തിയോളജിക്കൽ സ്കൂളിനും പൊതുസമുദായം വക മുതലുകൾ തിയോളജിക്കൽ കോളേജിന്റെ ചെലവിനും ആയിരിക്കണം ചെലവിടേണ്ടത്.




# ദൈവാത്മാവിന്റെ പ്രാപഞ്ചിക ദൗത്യം

ഫാ. ഡോ. ജേക്കബ് കുര്യൻ

ദൈവം സർവ്വപ്രപഞ്ചത്തിന്റെയും ജനതതിയുടെയും ദൈവമാണ്. ദൈവാത്മാവ് തന്നെയാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിന് സഭയിൽ ഒരു പ്രത്യേക ദൗത്യം ഉണ്ടെങ്കിലും, അവിടുന്ന് സഭയിലെ പുതുജീവിതത്തിന്റെ സാമൂഹ്യമായ ഗുണനിലവാരം പ്രപഞ്ചം മുഴുവനും പ്രകാശിപ്പിക്കുവാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനം പ്രധാനമായും രണ്ടു വിധത്തിലാണ്.

1. പ്രപഞ്ച പൂർത്തീകരണത്തിനായുള്ള ദൈവാത്മപ്രവർത്തനം
2. മനുഷ്യസമൂഹങ്ങളുടെ പരസ്പര പൂരണത്തിൽ കൂടിയുള്ള ആത്മപ്രവർത്തനം.

ക്രിസ്തീയ സഭാഘടനകളിൽ ഒതുങ്ങാത്ത ഈ ദൈവാത്മ പ്രവർത്തനത്തിന് പ്രാപഞ്ചികമായ ഒരു മാനം ഉണ്ട്.

## 1. പ്രപഞ്ച പൂർത്തീകരണത്തിനായുള്ള ദൈവാത്മ പ്രവർത്തനം.

ജാതി, മത, വർഗ്ഗ വ്യത്യാസമില്ലാതെയുള്ള ഒരു പ്രവർത്തന മണ്ഡലം ദൈവാത്മാവിനുണ്ട്. അവിടെ പ്രപഞ്ചനിലനിൽപ്പിനും പൂർത്തീകരണത്തിനുമായുള്ള ദൈവിക സാന്നിധ്യമായി ദൈവാത്മാവ് വർത്തിക്കുന്നു. ഈ വർത്തനത്തിന്റെ ഏഴ് വേദാടിസ്ഥാനങ്ങൾ പഴയ നിയമത്തിൽ നിന്ന് കണ്ടെത്താം.

### i. പ്രപഞ്ച സൃഷ്ടിയിലുള്ള ദൈവാത്മ പ്രവർത്തനം

"ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" (ഉല്പത്തി 1:2) സൃഷ്ടി വിവരത്തെക്കുറിച്ചുള്ള ഒരു പ്രതിപാദനമാണിത്. വെള്ളത്തിനു മുകളിൽ പൊരുന്നി ആവസിച്ചുകൊണ്ട്, ഒരു തള്ളപ്പക്ഷി മുട്ടയുടെമേൽ ചൂടുനല്കുന്നതുപോലെ, ദൈവാത്മാവ് പ്രവർത്തിച്ചുവെന്നാണ് ഇവിടുത്തെ വിവക്ഷ. സർവ്വത്തിനും ആരംഭവും ജീവനും കുറിയ്ക്കുന്നത് ദൈവാത്മാവാണ് എങ്കിൽ, ദൈവാത്മാവുമായുള്ള ബന്ധത്തിൽ ഈ പ്രപഞ്ചത്തിലുള്ള എല്ലാറ്റിനും ഒരു തുല്യാവസ്ഥയുണ്ട്. എല്ലാറ്റിനെക്കുറിച്ചും ദൈവാത്മാവിന് ഒരു പൊതുലക്ഷ്യവും പദ്ധതിയും ഉണ്ടായിരിക്കുകയും ചെയ്യും.

### ii. മനുഷ്യനിൽ ദൈവാത്മാവിന്റെ പ്രത്യേക സാന്നിധ്യം.

"യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിതീർന്നു" (ഉല്പ.2:7). എല്ലാ മനുഷ്യരിലും ദൈവം നല്കിയിരിക്കുന്ന ജീവൻ ദൈവീക ശ്വാസം ആണ്. (ഇയ്യോബ് 33:4, ഏശ 42:5 കാണുക). മനുഷ്യനിലുള്ള ഈ പ്രത്യേക സാന്നിധ്യത്തെ ദൈവീക ജീവനിലുള്ള ഒരു പങ്കാളിത്ത സാധ്യതയായി കാണുവാൻ കഴിയും. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും മനുഷ്യന് പ്രത്യേകമായി നല്കപ്പെട്ടിരിക്കുന്നത് (ഉല്പ. 1:26, 27) മനുഷ്യവർഗ്ഗത്തിനുള്ള വളർച്ചാ സാധ്യത വെളിവാക്കുന്നു.

### iii. ജീവനുള്ളവയിലൊക്കെയും ദൈവത്തിന്റെ ശ്വാസം.

"നീ നിന്റെ ശ്വാസം അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു. നീ ഭൂമിയുടെ മുഖത്തെ പുതുക്കുന്നു"(സങ്കീ. 104:30). ദൈവത്തിന്റെ ശ്വാസം എന്നതിനും ദൈവാത്മാവ് എന്നതിനും എബ്രായ ഭാഷയിൽ ഒരേപദം തന്നെയാണ്. സർവ്വത്തിന്റെയും ജീവശ്വാസം ദൈവത്തിൽനിന്ന് ആണ് എന്നുപറയുമ്പോൾ സർവ്വത്തിനും സത്താപരമായിത്തന്നെ ദൈവത്തോടു ബന്ധം ഉണ്ട് എന്ന സൂചനയുണ്ട്. ഹൈന്ദവ പാരമ്പര്യത്തിലെ പ്രഖ്യാത ഉപനിഷത്തായ ഈശോപനിഷത്തിൽ, ഒരു ചോദ്യമുണ്ട്. ഈ ശ്വാസത്തിനുപിന്നിലെ ശ്വാസം എന്താണ് എന്ന്. അതിനുള്ള ഉത്തരം, പരമസത്യമായ ദൈവം എന്നാണ്. ചുരുക്കത്തിൽ, എല്ലാറ്റിനും ജീവൻ നല്കുന്നത് ദൈവാത്മാവാണ് എന്ന ചിന്തയ്ക്ക് സാർവ്വലൗകീക അംഗീകാരമുണ്ട്.

### iv. മനസ്സാക്ഷിയിലും ആദർശപരിപാലനത്തിലും പ്രവർത്തിക്കുന്ന ആത്മാവ്.

"നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ......................... മനസ്സൊരുക്കമുള്ള

ആത്മാവിനാൽ എന്നെ താങ്ങേണമേ (സങ്കീ. 51:11,12) എല്ലാ മനുഷ്യരിലും ധാർമ്മികതാബോധ മുള്ളത്, ദൈവാത്മാവിന്റെ പരിപാലനത്താലാണ്. ദൈവാത്മാവിന്റെ താങ്ങലിനെത്തന്നെയാണ്, ദൈവകൃപയുടെ സംരക്ഷണം എന്ന് വിശേഷിപ്പി ക്കുന്നത്. പാപബോധവും അനുതാപവും ഉയർന്ന ധാർമ്മികതാസങ്കല്പവും എല്ലാ മതങ്ങളും തന്നെ അനുശാസിയ്ക്കുന്ന ഘടകങ്ങളാണ്.

### v പൊതുനന്മയ്ക്കും, സാമൂഹ്യ ശ്രേയസിനും പ്രത്യേക കൃപകൾ നല്കുന്ന ദൈവാ ത്മാവ്

ഇതിന്റെ രണ്ടു വ്യക്തമായ ഉദാഹരണങ്ങൾ സംഖ്യ 11:17,26 എന്നീ വാക്യങ്ങളിലും, പുറപ്പാട് 31:1 മുതൽ 5 വരെയുള്ള വാക്യങ്ങളിലും കാണാം. ഇസ്രായേൽ ജനത്തെ ന്യായപാലനം ചെയ്യുവാൻ മോശയെ സഹായിക്കുന്നതിന് എഴുപതു മൂപ്പ ന്മാരെ ആക്കുവാനുള്ള കല്പനയിൽ യഹോവ പറ യുന്നു. ''ഞാൻ നിന്റെ മേലുള്ള ആത്മാവിൽ കുറെ എടുത്തു അവരുടെമേൽ പകരും'' (സംഖ്യ 11:17) ഭരണക്രമീകരണത്തിൽ, അഥവാ രാഷ്ട്രത്തിന്റെ രാഷ്ട്രീയവും ഭരണപരവുമായ രംഗങ്ങളിൽ ദൈവാത്മാവ് പ്രവർത്തിക്കും. അതുപോലെതന്നെ, കലാപരമായ രംഗങ്ങളിൽ പ്രാവീണ്യം നല്കു ന്നതും ദൈവാത്മാവാണ് എന്ന് സർവ്വകലാവല്ലഭ നായിരുന്ന ബസലേലിൽ കൂടി പുറ. 31:1–5 ഭാഗത്ത് സൂചിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ മണ്ഡ ലങ്ങളിലും ദൈവാത്മ പ്രവർത്തനത്തിന് പ്രസ ക്തിയുണ്ട്. അതുകൊണ്ട് എവിടെയെല്ലാം സാമൂഹ്യ മായ നന്മ വിളയുന്നുവോ, അവിടെയൊക്കെ ദൈവാത്മാവിന്റെ പ്രവർത്തനം സമ്മതിക്കാവുന്ന താണെന്നു തോന്നുന്നു.

### vi. സമൂഹത്തിൽ പ്രത്യേക പ്രസക്തിയുള്ള ദൗത്യത്തിനനാ യുള്ള ദൈവാത്മ പ്രവർത്തനം.

''എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്ക കൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു.................. (യെശ.61:5) മിശിഹായെക്കുറിച്ചു മാത്രമുള്ള പ്രസ്താവനയാ യണിതെന്ന് പറഞ്ഞാലും, ഇപ്രകാരമുള്ള പ്രവാ ചക ദൗത്യങ്ങൾ എക്കാലവുമുള്ള മനുഷ്യ സമൂ ഹങ്ങളിൽ ഉണ്ടായിരിക്കും. ക്രൈസ്തവേതര സമൂഹങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന വിമോച നത്തിന്റെയും സേവനത്തിന്റെയും പ്രവർത്തന ങ്ങൾ ആർക്കും അവഗണിക്കാവുന്നവയല്ല. അവ യിലും കാണേണ്ടത് ദൈവാത്മ പ്രവർത്തനത്തെ യല്ലാതെ മറ്റെന്തിനെയാണ് ?

### vii. പ്രപഞ്ചനവീകരണത്തിനായുള്ള ദൈവാത്മാവ്.

''അങ്ങനെ എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും നിങ്ങൾ ജീവിക്കേണ്ടതിനും ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ ആക്കും......'' (യെ ഹെ. 37:13,14). ഒരു പുതിയ ജീവൻ വരുന്നതിനു വേണ്ടിയുള്ള പ്രത്യാശ പ്രാപഞ്ചികമായ നവീക രണത്തിൽ ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ''സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പക രും.................'' (യോവേൽ 2:28) എന്ന വാഗ്ദാനം സാർവ്വലൗകികമായ ദൈവാത്മ നവീകരണ ത്തെയും കൂടിയല്ലേ സൂചിപ്പിക്കുന്നത്.

### 2. മനുഷ്യ സമൂഹങ്ങളുടെ പരസ്പരപൂരണ ത്തിൽ കൂടിയുള്ള ആത്മപ്രവർത്തനം

മനുഷ്യസമൂഹങ്ങൾ വിവിധപേരുകളിലും ഘട നകളിലും നിലനിൽക്കുന്നു. മതത്തിന്റെയോ, പ്രത്യയശാസ്ത്രത്തിന്റെയോ, രാഷ്ട്രീയത്തിന്റെ യോ, വർഗ്ഗത്തിന്റെയോ, വർണ്ണത്തിന്റെയോ ഒക്കെ വ്യത്യസ്തതകൾ ഇവയ്ക്കുണ്ടാകാം. പക്ഷേ, പ്രാപഞ്ചികമായ ദൈവാത്മ പ്രവർത്തനം, ഈ സമൂഹങ്ങളുടെ പരസ്പര പൂരണത്തിൽ കൂടി യാണ് യാഥാർത്ഥ്യമാകുന്നത്. ഒരു സമൂഹത്തിന്റെ മൂല്യങ്ങളും വർത്തനരീതികളും മറ്റൊന്നിനെ സ്വാധീനിക്കുന്ന ക്രിയാത്മകത്വം ആണ് ദൈവാ ത്മപ്രവർത്തനത്തിലെ ചൈതന്യം. പ്രപഞ്ചത്തെ ചൂഷണം ചെയ്യാതെ അതിൽ കൂട്ടായി പങ്കുചേ രുന്ന ജീവിതശൈലിയും, ആഗോളതലത്തിൽ നീതിയും ന്യായവും വളർത്തുന്ന സാമ്പത്തികക്ര മവും, മതമൗലികവാദത്തിനും വർഗ്ഗീയ വിഘടന ശക്തികൾക്കും എതിരായ കൂട്ടായപരിശ്രമവും, ആയുധക്കച്ചവടത്തിനും അതിഭയങ്കര ആയുധ ങ്ങൾക്കുമെതിരെയുള്ള മാനവിക ഐക്യവും ലളി തവും സുന്ദരവും കുടുംബന്ധങ്ങളുടെ പവിത്രത പാലിക്കുന്നതുമായ ജീവിതശൈലിയും ഒക്കെ ഈ പരസ്പര പൂരണത്തിന്റെ ദൈവാത്മ പ്രവർത്തനത്തിൽ കൂടിയേ സാധ്യമാകൂ. ഈ വസ്തുത ഉറക്കെ പ്രഖ്യാപിക്കുവാൻ 1991 ഫെബ്രു വരിയിൽ കാൻബറായിൽ നടന്ന അഖിലലോക സഭാ കൗൺസിൽ അസംബ്ലി ശ്രമിച്ചിട്ടുണ്ട്. ഒരു സമൂഹം മറ്റൊന്നിനെ മുഴുവൻ രൂപാന്തരപ്പെ ടുത്തും എന്ന ചിന്തയ്ക്ക് ചരിത്രത്തിന്റെയും പ്രായോഗികതയുടേയും തലത്തിൽ വലിയ സാധ്യത ഇല്ല എന്ന വസ്തുതയും കാൻബറാ സമ്മേളനം സമ്മതിച്ചു. പ്രത്യുത മനുഷ്യസമൂ ഹങ്ങൾക്ക് പരസ്പര പൂരണത്തിന്റെ ഒരു വലിയ ദൗത്യമുണ്ട്. അത് പ്രാഥമികമായും ദൈവാത്മാ വിന്റെ പ്രാപഞ്ചികദൗത്യമാണുതാനും.

✮

■ കാലികം

# അറിവും ജ്ഞാനവും ഒത്തുചേരുന്ന വിദ്യാ-അഭ്യസനം ഇന്നിന്റെ ആവശ്യം

ഫാ. ഡോ. തോംസൺ റോബി



മനുഷ്യന്റെ ജനനം മുതൽ മരണം വരെ അനുസ്യൂതമായി തുടരുന്ന പ്രക്രിയയാണ് വിജ്ഞാനസമ്പാദനം. മാതൃഗർഭത്തിൽ വച്ചു തന്നെ അറിവിന്റെ പുതിയ ബാലപാഠങ്ങൾ ഹൃദ്യസ്ഥകമാക്കുന്ന കുഞ്ഞ് പിറന്നു വീഴുമ്പോൾ തന്നെ മാനവികതയുടെ അക്ഷരമുറ്റത്തേക്ക് കടന്നു വരുന്നു. തന്റെ കരച്ചിലും പ്രകടനങ്ങളുമെല്ലാം പുതിയ അറിവിന്റെ ചക്രവാളത്തിലേക്ക് എത്തിയെന്ന് ലോകത്തോടു പറയുകയാണ്. ആ കുട്ടി വളർന്നു വരുമ്പോൾ ഗ്രഹിക്കുന്ന പുതിയ നൂനത സാങ്കേതിക അറിവുകൾ പ്രായോഗീകതലത്തിലേക്ക് കൊണ്ടുവരുമ്പോഴാണ് പുതിയ കണ്ടുപിടുത്തങ്ങളായി പരിണമിക്കുന്നത്. എന്നാൽ പുതിയ തലമുറയുടെ അറിവും വ്യാപ്തിയും ശരിയായ ദിശയിലേക്ക് നയിക്കേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് സമൂഹവും വിദ്യാകേന്ദ്രങ്ങളും പിൻതിരിയുമ്പോൾ ഉണ്ടാകുന്ന അപചയമാണ് ഇന്ന് മനുഷ്യരാശിയെ നയിച്ചുകൊണ്ടിരിക്കുന്നത്.

വിദ്യാഭ്യാസം എന്നാൽ വിദ്യയെ അഭ്യസിക്കുക എന്നാണർത്ഥം. വിദ്യനേടുക, വിദ്യ അറിയുക എന്നല്ല മറിച്ച് അഭ്യസിക്കണം എന്നാണ് പറയുന്നത്. അഭ്യാസത്തിൽ കൂടിയാണ് ഒരുവൻ പൂർണ്ണനാകുന്നത്. നിരന്തരമായ അഭ്യാസത്തിൽ കൂടി ഒരുവൻ പൂർണ്ണതയിലെത്തിയാലേ അവിടെ സുസ്ഥിരത ഉണ്ടാവുകയുള്ളു. അറിവും ജ്ഞാനവും വിദ്യാഭ്യാസത്തിന്റെ രണ്ടുതലങ്ങളാണ്. അറിവ് എന്നത് നാം വായനയിൽ കൂടിയും, മറ്റു സാങ്കേതിക മാർഗ്ഗങ്ങളിൽ കൂടിയും ആർജ്ജിക്കുന്ന അറിവ് ആണ്. ഇന്ന് അറിവ് വേണ്ടുവോളം നാം സ്വീകരിക്കുന്നു. ഇതുകൊണ്ട് ജ്ഞാനം ഉണ്ടാകണമെന്നില്ല. ജ്ഞാനം എന്നത് നാം ആർജ്ജിച്ച അറിവുകളെ പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരുന്നതിനെ സൂചിപ്പിക്കുന്നു. ഈ വേർതിരിവ് നഷ്ടപ്പെട്ടതാണ് ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അപചയകാരണം. ഈ "അറിവും" "ജ്ഞാനവും" ഒരുമിച്ച് പോകുമ്പോഴാണ് വിദ്യാഭ്യാസത്തിന്റെ അർത്ഥം പൂർണ്ണമാവുകയുള്ളൂ. ഈ അറിവ് നേടിയ വ്യക്തിയാണ് ബൈബിളിലെ ജ്ഞാനിയായ ശലോമോൻ. രാജാവായി തീർന്ന ശലോമോൻ ദൈവത്തോട് ആവശ്യപ്പെടുന്നത് "എന്റെ ജനത്തെ നയിപ്പാനുള്ള ജ്ഞാനത്തെ തരണമേ" എന്നാണ്. തന്റെ അറിവ് പ്രയോഗികതയിൽ കൊണ്ടുവന്ന് ജനത്തെ നന്മയിലേക്ക് നയിക്കുവാൻ കഴിയുന്ന ജ്ഞാനത്തെ തരണമേ എന്നാണ് ഈ ആവശ്യത്തിന്റെ അന്തസത്ത.

ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ പ്രത്യേകത അറിവിന്റെ തത്വശാസ്ത്രതലങ്ങളെ മാത്രം അറിയുക എന്നതാണ്. ബുദ്ധിജീവികൾ എന്നു വിശേഷിപ്പിക്കുന്ന പണ്ഡിതശ്രേഷ്ഠർ പലപ്പോഴും അറിവിന്റെ തലങ്ങളിൽ മാത്രം വിരാജിക്കുമ്പോൾ അതിന്റെ പ്രായോഗിക തലങ്ങളെ വിസ്മരിച്ചു പോവുക പതിവാണ്. എന്നാൽ ഈ രണ്ടുതലങ്ങളേയും-സൈദ്ധാന്തികവും പ്രായോഗികവും ആയ തലങ്ങൾ - ഒരുപോലെ സമന്വയിപ്പിച്ച വ്യക്തികൾ ചരിത്രഗതികളെ മാറ്റി മാറിച്ചിട്ടുണ്ട്. ഒരു യുഗപുരുഷനായി കടന്നുവന്ന് താഴ്ന്ന ജാതിക്കാർക്കു വേണ്ടി ഈഴവശിവനെ പ്രതിഷ്ഠിച്ച ശ്രീനാരായണഗുരു ഇത്തരത്തിലുള്ള പ്രതിഭ ആയിരുന്നു. വേദാന്തങ്ങളെ ആഴത്തിൽ അപഗ്രഥിച്ച് മനസ്സി

ലാക്കി ഖനനം ചെയ്ത ഗുരു താൻ നേടിയ അറിവിനെ പ്രായോഗികതലത്തിൽ കൊണ്ടുവന്നപ്പോൾ ജാതിയേയും മതത്തേയും ചോദ്യം ചെയ്ത് താഴ്ന്ന ജാതിക്കാർക്കുവേണ്ടി വാദിക്കുവാനും, അവരെ ഉയർത്തുവാനായി താൻ അറിവിനെ പ്രായോഗികതലത്തിലേക്ക് കൊണ്ടുവരുവാനും സാധിച്ചു. ഗുരുവിന്റെ വ്യക്തിത്വം സമൂഹത്തെ മാറ്റിമറിച്ചു. ഉയർന്ന ജാതിക്കാരെ തന്റെ ചിന്തയിലൂടെ ചിന്തിപ്പിക്കുവാനും, താഴ്ന്ന ജാതിക്കാർ എന്ന് മുദ്രകുത്തിയിരുന്നവരെ സമന്മാർ എന്ന് ചിന്തിപ്പിക്കുവാനും ഗുരുവിനു കഴിഞ്ഞത് അറിവിനെ, ജ്ഞാനത്തിലൂടെ പ്രായോഗികതയിൽ എത്തിച്ചപ്പോഴാണ്.

ഇന്ത്യൻ ചരിത്രത്തിന്റെ ഗതിമാറ്റിമറിക്കുവാൻ കഴിഞ്ഞ അർദ്ധനഗ്നനായ ഫക്കീർ എന്ന് ബ്രിട്ടീഷുകാർ വിശേഷിപ്പിച്ച മഹാത്മാഗാന്ധിയുടെ വ്യക്തിവൈശിഷ്ട്യം എടുത്തുപറയേണ്ടതാണ്. വലിയ ചിന്തകളെ സ്വയം പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ അദ്ദേഹം ശ്രമിച്ചു. അഹിംസാസിദ്ധാന്തമായ Non- Violence, നിസഹകരണ പ്രസ്ഥാനം, സത്യാഗ്രഹം തുടങ്ങിയ മഹാശയങ്ങൾ നടപ്പിൽ വരുത്തുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത് ജ്ഞാനത്തിലടെയാണ്. തന്റെ അനുഭവത്തേയും അറിവിനേയും പ്രായോഗികതലത്തിൽ കൊണ്ടുവന്നപ്പോൾ സൂര്യനസ്തമിക്കാത്ത നാട് എന്ന് പേരുകേട്ട ബ്രിട്ടീഷ് സാമ്രാജ്യം വിറച്ചതും ഇന്ത്യ വിട്ടുപോകാൻ അവരെ പ്രേരിപ്പിച്ചതും നാം മനസ്സിലാക്കിയിട്ടുണ്ട്. ഇങ്ങനെ പല വ്യക്തികളേയും ലോകചരിത്രത്തിൽ കാണുവാൻ കഴിയും.

ദൈവപുത്രനായ യേശുക്രിസ്തു ലോകം കണ്ടതിൽ വച്ച് വലിയ താത്വികാചര്യനായിരുന്നു. തന്റെ പ്രായോഗിക ജീവിതത്തിൽ നേടിയ അറിവുകളെ പകർന്നു നല്കിയ ഗുരുവുമായിരുന്നു ക്രിസ്തു. അദ്ദേഹത്തിന്റെ പ്രവൃത്തിപഥത്തിൽ കണ്ടതും കേട്ടതും മറ്റുള്ളവർക്ക് പകർന്നു നല്കിയപ്പോൾ വിപ്ലവാധിഷ്ഠിതമായി സമൂഹത്തെ മാറ്റിമറിക്കാൻ കഴിഞ്ഞു. ഈ സാമൂഹ്യ പരിഷ്ക്കരണത്തിന് ഇടയാക്കിവച്ചത് ക്രിസ്തുവിന്റെ അറിവിനെ സൈദ്ധാന്തിക തലത്തിൽ നിന്ന് പ്രായോഗിക തലത്തിലേക്ക് കൊണ്ടുവന്നു എന്നതാണ്.

ക്രസ്തു, ശ്രീനാരായണഗുരു, ഗാന്ധി തുടങ്ങിയ മഹാരഥന്മാർ സാമൂഹ്യമാറ്റത്തിന് ഇടയാക്കിയത് സമൂഹത്തെ പുതിയ ചിന്താധാരകളിലേക്ക് (മനുഷ്യനെ) നയിച്ചതിനാലാണ്. ചരിത്രത്തിലെ പലനല്ല ബുദ്ധിയുള്ളവരും നല്ല ഭരണകർത്താക്കളല്ല. ചിലർ ദാർശനികർ ആയിരിക്കാം. ഭരണ കർത്താക്കളായിരിക്കാം, ഏകാധിപതികളായിരിക്കാം. ഇത്തരത്തിലുള്ള വിഭിന്നതയാണ് ചരിത്രത്തിൽ നേതാക്കാന്മാരെ വാർത്തെടുത്തത്. പക്ഷേ അവർ അനുയായികളെ സൃഷ്ടിച്ചിട്ടില്ല. പുതിയ ചിന്താധാരകളെ സമൂഹത്തിന് നല്കിയില്ല. എന്നാൽ നേടിയ അറിവിനെ പ്രായോഗിക നിലയിലേക്ക് സന്നിവേശിപ്പിച്ചവർ മാറ്റത്തിന് ബീജാവാപം ചെയ്തു.

ഇന്നത്തെ വിദ്യാഭ്യാസത്തിൽ നാം നേടേണ്ടത് പ്രായോഗീകതയും അറിവും ചേർന്ന വിദ്യാരീതിയാണ്. ഇവ രണ്ടും വേർതിരിച്ചുള്ള പഠനം നാശോന്മുഖമാണ്. ശാസ്ത്രവും, മാനവിക വിഷയങ്ങളും, കലയും, സാംസ്കാരീകവുമായ സമന്വയം ഇന്നത്തെ പഠനരീതിയിൽ ആവിഷ്കരിക്കപ്പെട്ടതും. അറിവുകളായി പ്രായോഗിക ജീവിതത്തിൽ കൊണ്ടുവന്ന് ജ്ഞാനമാർഗ്ഗത്തിലൂടെ മുന്നേറുവാൻ കഴിയുമ്പോൾ സമൂഹത്തിലെ അക്രമവാസന കുറയുവാൻ ഇടയാകും. ഉയർന്ന വിദ്യയും യോഗ്യതയുള്ള കേരളജനതയാണ് കൂടുതൽ അസന്മാർഗ്ഗിക തലങ്ങളിലേക്ക് പോകുന്നത്. ആത്മഹത്യയിൽ ഒന്നാമതും കേരളീയരാണ്. ഇവിടുത്തെ പരാജയകാരണം വിദ്യാഭ്യാസം വെറും ജോലിനേടാനുള്ള മാർഗ്ഗമായി പരണമിച്ചു എന്നതാണ്. ആത്മികവും ഭൗതികവുമായ സമന്വയം വിദ്യാഭ്യാസത്തിലുണ്ടാകണം. ഭൗതിക നേട്ടത്തിലേക്ക് നയിക്കുന്നതോടൊപ്പം ആത്മീകപരമായ ജ്ഞാനത്തിലേയ്ക്കും പാതയിലേയ്ക്കും നയിക്കുന്നതാകണം വിദ്യാഭ്യാസം. ഗുരുകുല സമ്പ്രദായത്തിൽ നേടിയ അനുഭവ പരിചയം നമുക്ക് ആർജ്ജിക്കുവാൻ കഴിയണമെങ്കിൽ അറിവിനെ ജ്ഞാനമായി രൂപാന്തരപ്പെടുത്താൻ കഴിയണം. മനുഷ്യന്റെ ജനനം മുതൽ മരണം വരെ ഇതിനുള്ള ശ്രമമാണ്. ഇവിടെ ജയിക്കുന്നവൻ സമൂഹത്തെ ഉടച്ചുവാർക്കും. പുതിയ സാങ്കേതിക ലോകത്ത് അക്ഷരങ്ങളെ സ്നേഹിക്കുന്ന തലമുറ ഉണ്ടാകണം. ശരിയായ ദിശയിലേക്ക് നയിക്കുന്ന ചാലക ശക്തികളാകണം. അതിനായി വിദ്യാഭ്യാസത്തെ നാം ശരിയായ ദിശയിൽ മനസ്സിലാക്കുകയും, അതിനനുസരിച്ച് സമൂഹത്തെ രൂപാന്തരത്തിലേക്ക് നയിക്കുവാനും കഴിയണം.

✯



# ദൈവരാജ്യ ചിന്തകൾ

*(വേദഭാഗം വി. മർക്കോസ് 10:13-16, വി. മത്തായി 18:14)*

ഫാ.റ്റി.പി. കുര്യൻ തളിയച്ചിറ

യേശുതമ്പുരാന്റെ അടുക്കൽ ശിശുക്കളെ കൊണ്ടുവരുമ്പോൾ ശിഷ്യന്മാർ തടയുന്നു. യേശുതമ്പുരാന്റെ സമയവും കരുണയും അവിടെ ദുർവിനിയോഗം ചെയ്യുകയാണെന്ന് അവർക്ക് തോന്നി. അപ്പോൾ യേശുതമ്പുരാൻ ശിശുക്കളെ തടയരുതെന്നും ദൈവരാജ്യം അവരെപ്പോലെയുള്ളവരുടേതാണെന്നും പറയുന്നു. ഈ വേദഭാഗത്തിന് തൊട്ടുമുകളിൽ വിവാഹത്തെപ്പറ്റിയാണ് പ്രതിപാദനം. അതിനുശേഷം ശിശുക്കളെപ്പറ്റി പറയുന്നത് തികച്ചും യോജിച്ചുപോകുന്ന ഒന്നാണ്. ദൈവരാജ്യം ശിശുക്കൾക്കവകാശപ്പെട്ടതാണ്, കാരണം ശിശുക്കൾ തങ്ങൾക്കു നൽകപ്പെടുന്നത് സ്വീകരിപ്പാൻ ഒരുക്കമുള്ളവരാണ് എന്നതുതന്നെ. തന്റെ രാജ്യത്തിൽ പ്രവേശിക്കുന്നതു ശിശുക്കളെപ്പോലുള്ളവരാണെന്നു യേശുതമ്പുരാൻ ഇവിടെ വ്യക്തമാക്കുന്നു.

ശിശുക്കൾക്കും നിഷ്ക്കളങ്ക ഹൃദയത്തിന്റെ ഉടമകൾക്കും യേശുതമ്പുരാൻ നൽകുന്ന പ്രത്യേക പരിഗണന വളരെ ശ്രദ്ധേയമാണ്. ദൈവരാജ്യം ഇങ്ങനെയുള്ളവർക്കാണ് കിട്ടുകയെന്ന സന്ദേശവും ഇവിടെനിന്നും ലഭിക്കുന്നു. ശിശുക്കളുടെ അവസ്ഥയിലേക്കുള്ള മാറ്റത്തിന്റെ ആവശ്യകത യേശുതമ്പുരാൻ ഇവിടെ ചൂണ്ടിക്കാട്ടുന്നു. വ്യവസ്ഥകളും മുൻവിധികളുമില്ലാത്ത, ഒട്ടും കറപറ്റാത്ത ആന്തരികവിശ്വാസത്തിന്റെ ഉടമകളാണ് ശിശുക്കൾ. അതുകൊണ്ട് അവരുടെ ആന്തരികാവസ്ഥയിലേക്കുള്ള മാറ്റമാണ് നമുക്കുണ്ടാകേണ്ടത്. ലാളിത്യത്തിന്റെയും നൈർമല്യത്തിന്റെയും പശ്ചാത്തലത്തിലുള്ള ആശ്രയമനോഭാവവും അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും താഴ്മയുടെയും ആവശ്യബോധവും മറക്കുവാനും പൊറുക്കുവാനുമുള്ള വേഗതയോടുകൂടിയ പൊരുത്തപ്പെടലിന്റെ അനുരഞ്ജനമനോഭാവവും ഈ മാറ്റത്തിൽ നമുക്കുണ്ടാകണം. താഴ്മയിലും ആശ്രയബോധത്തിലും അനുസരണത്തിലും അനുരഞ്ജനത്തിലുമൊക്കെ ശിശുസഹജമായ സ്വഭാവമുള്ളവരാണ് ദൈവരാജ്യത്തിന് ഏറ്റവും യോജിച്ചവർ എന്നു ചുരുക്കം.

ശിശുക്കളിൽ പ്രകടമാകുന്ന പല മനോഭാവങ്ങളുണ്ട്. ആശ്രയം, വിശ്വാസം, താഴ്മ, ലാളിത്യം, നിഷ്ക്കളങ്കത, സ്നേഹം മുതലായവ. ഇവ യഥാർത്ഥത്തിൽ ഓരോ വലിയവനിലും ഉണ്ടായിരിക്കണമെന്ന് യേശുതമ്പുരാൻ ആഗ്രഹിക്കുന്നു. ഊന്നൽ കൊടുത്തിട്ടുള്ള ആശയം താഴ്മയാണ്.

ദൈവഹിതത്തിനായി സ്വയം സമർപ്പിച്ചിട്ടുള്ളവർക്കാണ് ദൈവരാജ്യാനുഭവത്തിലേക്കു പ്രവേശിക്കുവാൻ കഴിയുക. അതിന്, ജീവിതത്തിൽ ലാളിത്യമുണ്ടാകണം. ദൈവരാജ്യത്തിന്റെ ലാളിത്യത്തോട് ചേർന്നു പോകുന്നതായിരിക്കണം നമ്മുടെ ലാളിത്യമനോഭാവം. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം അത്ര എളുപ്പമുള്ളതല്ല. അതൊരു ദൈവികദാനമാണ്. ദൈവരാജ്യത്തെ സ്വന്തം നേട്ടമായിട്ടോ ഒരവകാശമായിട്ടോ കാണാതെ, ഒരു ദാനമായിട്ടു കാണുന്നവർ അതിനെ ആർജ്ജിക്കും. ഈ ദാനം സ്വീകരിക്കേണ്ടതു ശിശുവിന്റെ മനോഭാവത്തോടുകൂടിയായിരിക്കണമെന്നു മാത്രം.

ശിശുക്കൾ തങ്ങളുടെ മാതാപിതാക്കളെ പൂർണ്ണമായും ആശ്രയിക്കുന്നു. ശിശുക്കൾക്കു ഓരോന്നും ലഭിക്കുന്നത് അർഹതക്കനുസൃതമാണെന്ന വിധത്തിലല്ല, ദാനങ്ങളായിട്ടാണ്. നൽകപ്പെടുന്ന ഓരോ ദാനങ്ങളെയും വിശ്വാസപൂർവ്വം സ്വീകരിക്കുകയും ചെയ്യുന്നു. (വി. ലൂക്കോസ് 11 : 13) എല്ലാ ദാനങ്ങളുടെയും ദാതാവ് ദൈവമാണ്. ആവശ്യമായ ദാനങ്ങളെല്ലാം അവൻ നമുക്കു നൽകുമെന്ന പ്രത്യാശയാണ് നമ്മെ ഭരിക്കേണ്ടത്. അങ്ങനെ ദൈവംതമ്പുരാന്റെ സ്നേഹപരിപാലനത്തിൽ നാം ആശ്രയിക്കുകയും ഏതു സാഹചര്യത്തെയും നേരിടുവാൻ പരിശ്രമിക്കുകയും വേണം. ഈയൊരു സമർപ്പണത്തോടുകൂടിയ എളിമയാണ് നമുക്ക് വേണ്ടത്. ''ഈ എളിയവൻ നിലവിളിച്ചു. യഹോവ കേട്ടു. അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു.'' (സങ്കീർത്തനം 34 : 6)

ഉത്കണ്ഠയില്ലാത്ത ശിശുക്കളെപ്പോലെയായിരിക്കണം നാം. ഒരു ശിശുവിന് ഒന്നിനെപ്പറ്റിയും ഉത്കണ്ഠയില്ല. പിതാവിൽ നിന്ന് അല്ലെങ്കിൽ മാതാവിൽ നിന്ന് എല്ലാം പ്രതീക്ഷിക്കുന്നു. കളങ്കമില്ലാത്ത് സ്നേഹമാണ് ശിശുവിന് തന്റെ മാതാപിതാക്കളോടുള്ളത്. ദൈവത്തിലാശ്രിയിക്കുമ്പോൾ നമുക്ക് ഈ മനോഭാവമാണുണ്ടാകേണ്ടത്.

ശിശുസഹജമായ നിഷ്കളങ്കതയും വിശ്വാസവും ദൈവാശ്രയത്തിന്റെ പ്രാർത്ഥനയുടെ ഫലദായകത്വം വർദ്ധിപ്പിക്കും. ദൈവത്തിലാശ്രയിക്കുന്നയാൾക്കു മാത്രമല്ല, അതു കാണാനിടയാകുന്നവർക്കുപോലും അതിന്റെ സത്ഫലങ്ങൾ ലഭിക്കും. ഒരു മനുഷ്യന്റെ യഥാർത്ഥമായ മഹത്വം വെളിപ്പെടുന്നത് അയാൾ ദൈവത്തിൽ പരിപൂർണ്ണമായി

ആശ്രയിക്കുമ്പോഴാണ്. ഒരു ശിശുവിനേപ്പോലെ നിർമ്മലഹൃദയത്തോടെ ദൈവത്തിൽ ആശ്രയിക്കുവാൻ കഴിയുന്നവർക്കു ദൈവത്തിൽ നിന്ന് നന്മ പ്രാപിക്കുവാൻ കഴിയും. യേശുതമ്പുരാൻ ഇത് വ്യക്തമാക്കുന്നുണ്ട്. "ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും." (വി. യോഹന്നാൻ 16 : 23) ദൈവാശ്രയചൈതന്യത്തിൽ ജീവിച്ചുകൊണ്ട് മറ്റുള്ളവർക്ക് പ്രചോദനമായി, സ്വാധീനമായി, മാതൃകയായിത്തീരുവാൻ നമുക്കു കഴിയണം.

നമുക്കു വേണ്ടതു തുറന്ന മനസ്സും താഴ്മയുള്ള ഹൃദയവുമാണ്. ദൈവം നമുക്കു നൽകിയിരിക്കുന്ന ദാനങ്ങളെക്കുറിച്ചു നമുക്കു നല്ല അവബോധം ഉണ്ടായിരിക്കണം. മാത്രമല്ല ദൈവം തരുന്ന ദാനങ്ങളോടു നാം സഹകരിക്കുകയും വേണം. ദൈവതിരുമുമ്പിൽ നാം എത്ര നിസ്സാരരാണെന്നുള്ള ബോധം നമുക്ക് എപ്പോഴുമുണ്ടായിരിക്കണം. ദൈവസന്നിധിയിൽ നിൽക്കുമ്പോൾ മാത്രമേ നാം എത്ര ചെറുതാണെന്നു മനസ്സിലാകൂ. ദൈവതിരുമുമ്പാകെ താഴുന്നവരെ അവിടുന്ന് ഉയർത്തും. "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (വി. ലൂക്കോസ് 14 : 11)

ഹൃദയനൈർമ്മല്യതയും ജീവിതവിശുദ്ധിയും നമ്മുടെ ജീവിതത്തിൽ അത്യാവശ്യം ഉണ്ടായിരിക്കേണ്ടതാണ്. ശിശുക്കളുടെ സ്വഭാവശുദ്ധിയെ യേശുതമ്പുരാൻ അങ്ങേയറ്റം വിലമതിച്ചിരുന്നു. അതുകൊണ്ടാണല്ലോസ്വർഗ്ഗരാജ്യത്തിലെ വലിയവൻ ആരാണെന്ന് ശിഷ്യന്മാർ ചോദിച്ചപ്പോൾ ഒരു ശിശുവിനെ അടുക്കെ വിളിച്ച് അവരുടെ നടുവിൽ നിർത്തി ഇപ്രകാരം പറഞ്ഞത്. "നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (വി. മത്തായി 18 : 3)

"പിള്ള മനസ്സിൽ കള്ളമില്ല" എന്ന പഴഞ്ചൊല്ല് വളരെ അർത്ഥവത്തായ ഒന്നാണ്. ഹൃദയത്തിലെ നിഷ്കളങ്കത ശിശുക്കളുടെ മുഖത്ത് പ്രതിഫലിക്കുന്നു. ശിശുക്കളെ എല്ലാവരും ഇഷ്ടപ്പെടുന്നതും അതുകൊണ്ടാണ്. കുട്ടികളുടെ സ്വഭാവലാളിത്യവും വക്രതയില്ലായ്മയുമാണ് നാമവരെ ഇഷ്ടപ്പെടുന്നതിന്റെ പ്രധാന കാരണം.

ദേഹശുദ്ധി വരുത്തുന്നതിലും നിശ്ചിത നേരങ്ങളിൽ കുമ്പിട്ടു നമസ്ക്കരിക്കുന്നതിലും നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നതിലും മറ്റും വീഴ്ച വരുത്താതിരിക്കുവാൻ നമുക്കു കഴിഞ്ഞേക്കാം. നമ്മുടെ പൗരാണികത്വത്തിലും പാരമ്പര്യത്തിലും നാം അഭിമാനിക്കുന്നവരായിരിക്കാം. പക്ഷേ ഹൃദയശുദ്ധി ഇല്ലെങ്കിൽ ഇവയൊക്കെ ചെയ്യുന്നതുകൊണ്ട് എന്തു പ്രയോജനം? "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും. (വി. മത്തായി 5 : 8)

ഹൃദയശുദ്ധിയെന്നു പറയുന്നത് നിഷ്കളങ്കതയാണ്. കാപട്യമില്ലായ്മയാണ്. ശിശുക്കളിൽ നമുക്കത് കാണുവാൻ സാധിക്കും. അവിടെ ആശ്രയമനോഭാവം വളരെ ശക്തമാണ്. ഈ നിർമ്മലതയാണ് നമ്മുടെ ജീവിതത്തിലുണ്ടാകേണ്ടത്. അവിടെ ഗ്ലാസ്സിലൂടെ കാണുവാൻ സാധിക്കുന്നതുപോലെ കാര്യങ്ങൾ വളരെ വ്യക്തമായി കാണുവാൻ സാധിക്കും. കാര്യങ്ങൾ വളരെ ശക്തമായി പ്രകടിപ്പിക്കുവാനും കഴിയും.

മനുഷ്യ മന:സാക്ഷിയെ മരവിപ്പിക്കുന്ന സംഭവങ്ങളാണ് ദിനംപ്രതി നമുക്കു ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ധർമ്മവും അധർമ്മവും തമ്മിലുള്ള അതിർത്തിരേഖ മെല്ലെ മാഞ്ഞുകൊണ്ടിരിക്കുന്നു. ലെബനീസ് കവി ഖലീൽ ജിബ്രാൻ, ധർമ്മവും അധർമ്മവും ഒന്നിച്ചു കുളിക്കാനിറങ്ങിയെന്നും, അധർമ്മം പെട്ടെന്ന് കുളിച്ചുകയറി ധർമ്മത്തിന്റെ വസ്ത്രം ഇട്ടുപോയെന്നും ധർമ്മം കുളി കഴിഞ്ഞ് പുറകെ വന്നപ്പോൾ അധർമ്മത്തിന്റെ വസ്ത്രം ധരിച്ച് സഞ്ചരിക്കേണ്ടി വന്നുവെന്നും അങ്ങനെയാണ് ലോകത്തിൽ ആളുകൾക്ക് ധർമ്മവും അധർമ്മവും വേർതിരിച്ച് മനസ്സിലാക്കുവാൻ സാധിക്കാതെ വന്നതെന്നും എഴുതി. അധർമ്മം വർദ്ധിച്ചു വരുന്നുണ്ടെങ്കിലും ഹൃദയനൈർമ്മല്യത്തെയും സൽസ്വഭാവത്തെയും വില മതിക്കുന്നവരുണ്ട്. പക്ഷേ അവരുടെ എണ്ണം കുറവാണെന്നു മാത്രം. ജീവിതകാലത്ത് ഹൃദയനൈർമ്മല്യവും സൽസ്വഭാവവും ഇല്ലാത്ത ഒരു വ്യക്തിക്കു അയാളുടെ അന്ത്യസമയത്ത് അത് നേടാനാവും എന്ന് കരുതുക മണ്ടത്തരമാണ്. അപ്രകാരമുള്ള ഒരാൾ അവസാനനിമിഷം മാനസാന്തരപ്പെടുമെന്നുള്ളതിന് ഒരുറപ്പുമില്ല. അതിനാൽ ആ മാറ്റം - ശിശുക്കളുടെ ആന്തരികാവസ്ഥയിലേക്കുള്ള മാറ്റം - ഇപ്പോൾ തന്നെ നമ്മിലുണ്ടാകണം.

ശിശുക്കളോടുള്ള യേശുതമ്പുരാന്റെ മനോഭാവം വളരെ ശക്തമായി വ്യക്തമാക്കുന്ന ഒരു വേദഭാഗമാണിത്. ശിശുവിനെപ്പോലെ എളിമപ്പെടാത്ത ഒരാളും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു യേശുതമ്പുരാൻ വ്യക്തമായി പറയുന്നു. നാം ശിശുസഹജമായ താഴ്മയുടെ മനോഭാവം പുലർത്തി ജീവിക്കണമെന്നു ചുരുക്കം. യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിൽ അന്തർലീനമായ ജീവിതവീക്ഷണം എളിമയാണ് വലിമയുടെ അടിസ്ഥാനം, എല്ലാവരിലും എളിയവനാണ് വലിയവൻ എന്നതാണ്. ഇവിടെ യേശുതമ്പുരാൻ ദൈവരാജ്യാനുഭവത്തിലേക്കു പ്രവേശിക്കുന്നവർ ആരായിരിക്കുമെന്നതിനെക്കുറിച്ച് ഒരു പുതിയ നിർവ്വചനവും വ്യാഖ്യാനവും നൽകുകയാണ്. ഒരു ശിശുവിനെപ്പോലെ എല്ലാവരിലും ചെറിയവനായിരിക്കുന്ന മനോഭാവമാണ് ഏറ്റവും വലിയവനുണ്ടായിരിക്കേണ്ടതെന്നു യേശുതമ്പുരാൻ നമ്മെ പഠിപ്പിക്കുന്നു.

■ പ്രതിധ്വനി



# സഭാ ശുശ്രൂഷയിലെ രണ്ടു പതിറ്റാണ്ടുകളുടെ യാഥാർത്ഥ്യം

ഫാ.ജോസ് തോമസ്

അനുവാചകർ ഈ ലേഖനത്തോട് പ്രതികരിച്ചത് വിവിധതരത്തിലായിരുന്നു. വ്യക്തി വിരോധത്തിന് കാരണമായിത്തീരുകയില്ലേ എന്നാണ് ബന്ധുമിത്രാദികളുടെ സംശയം. ജനപിന്തുണ നേടുവാൻ ഡയോസിഷൻ ബുള്ളറ്റിനിലൂടെ അദ്ദേഹം നടത്തുന്ന വിലകുറഞ്ഞ പ്രചരണങ്ങളെ മുഖവിലയ്ക്കുപോലും എടുക്കാതെ തള്ളിക്കളഞ്ഞാൽ പോരെയെന്നാണവരുടെ ചോദ്യം. അതിൽ തന്നെ ചിലരുടെ പ്രതികരണങ്ങൾ ലേഖനത്തെ സ്വാഗതം ചെയ്യുന്നതരത്തിലായിരുന്നു. സത്യം വെളിപ്പെടുത്തുവാൻ നടത്തുന്ന ഈ ദൃശപ്രവർത്തനങ്ങൾ തുടരണമെന്നും, അതിനു ആവശ്യമായ എല്ലാ സഹായങ്ങളും ഉണ്ടാകുമെന്ന് വാഗ്ദാനവും ചെയ്തു. അവരുടെ തെളിവുസഹിതമുള്ള വെളിപ്പെടുത്തലുകൾ എനിക്ക് സഹായകമായിത്തീർന്നിട്ടുണ്ട്. മറ്റൊരു വിഭാഗത്തിന്റെ പ്രതികരണം ഭീഷണിയുടെതായിരുന്നു. കഥയറിയാതെ ആട്ടം കാണുന്ന അവരോട് സഹതപിക്കുകയല്ലാതെ വേറെന്തു ചെയ്യാൻ. അതിലൊരു ഭക്തൻ എന്റെ ഒരു സ്നേഹിതനോട് പറഞ്ഞു. “ഞാൻ എന്താണു ചെയ്യുന്നതെന്നു കാണിച്ചുതരാം”. പഠിച്ചതല്ലേ പാടൂ. തല്ലുന്ന രാജാവിനു കൊല്ലുന്ന മന്ത്രി. “കാരസ്കരത്തിൻ കുരു പാലിലിട്ടാൽ കാലന്തരേ കയ്പു ശമിപ്പതുള്ളു”.

ചിലരുടെ സംശയം നേരിട്ടും അല്ലാതെയും പ്രകടിപ്പിച്ചത് ഇങ്ങിനെയാണ് – ഒരു മെത്രാപ്പോലീത്തായ്ക്കെതിരെ ഒരു വൈദികൻ എഴുതുന്നത് ശരിയാണോ? കാതോലിക്കാ ബാവായ്ക്കും മലങ്കരമെത്രാപ്പോലീത്തയ്ക്കും സഹോദര മെത്രാപ്പോലീത്തയ്ക്കുമെതിരെ അവഹേളനാപരമായ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത്, അതും സഭയുടെ ഉള്ളിൽ നിന്നുകൊണ്ട് അപഹസിക്കുന്നതിന്റെ ധാർമ്മികത എന്താണെന്ന് ഇവർ ചിന്തിക്കുന്നുമില്ല. അങ്ങിനെ ഒരു പരിശ്രമം നടത്തിയതിനു പ്രതികാരമാണിതെന്ന് ആരും തെറ്റിദ്ധരിക്കരുതെന്ന് വിനയപൂർവ്വം പറയട്ടെ. ഒരു മെത്രാപ്പോലീത്തായ്ക്കോ, വൈദികർക്കുമോ എതിരെയുള്ള ആരോപണമോ, അധിക്ഷേപമോ അല്ല ഈ ലേഖനം. അങ്ങിനെയെന്റെ വാക്കുകൾ തോന്നുന്നുവെങ്കിൽ താഴ്മയോടെ ഖേദം പ്രകടിപ്പിക്കുന്നു. അതു ശരിയായ തലത്തിൽ എടുക്കണെന്ന് വിനീതപൂർവ്വം അപേക്ഷിക്കുന്നു.

ഞാനിതു മെത്രാപ്പോലീത്തയ്ക്കു വിരോധമായി എഴുതുന്നതല്ലയെന്നു പറഞ്ഞാൽ പലരും വിശ്വസിക്കുകയില്ല എന്നെനിക്കറിയാം. ആരെയും വ്രണപ്പെടുത്തുവാനോ മോശമായി ചിത്രീകരിക്കുവാനോ ഇതിലൂടെ ഉദ്ദേശിക്കുന്നുമില്ല. മേല്പട്ടക്കാരനെതിരായോ വൈദികർക്കെതിരായോ ഉള്ള ആക്രമണവുമല്ല. അതിനുള്ള കാര്യശേഷിയും അറിവും പാണ്ഡിത്യവും എനിക്കില്ല എന്നത് യാഥാർത്ഥ്യവുമാണ്.

ഞാൻ ജനിച്ചുവളർന്നു വൈദികനായി ശുശ്രൂഷ നടത്തുന്ന എന്റെ സഭയോട് എനിക്കൊരു പ്രതിബദ്ധതയുണ്ട്. അതിന്റെ പൈതൃകത്തിൽ അഭിമാനിക്കുകയും വിശ്വസാചാരാനുഷ്ഠാനങ്ങളിലും നിയമസംഹിതയിലും വിശ്വസിക്കുന്നവനുമാണ്. ഈ സത്യസഭയെയും അതിന്റെ പിതാക്കന്മാരെയും അകാരണമായും, സ്വാർത്ഥലാഭത്തിനുവേണ്ടിയും അപഹസിക്കുകയും വ്യാജവാക്കുകളാൽ ജനങ്ങളെ വഴിതെറ്റിക്കുകയും ചെയ്യുന്നത് കുറച്ചുനാളുകളായി കണ്ടപ്പോൾ ഉണ്ടായ സ്വാഭാവിക പ്രതികരണമാണിത്. ഇതിനെപ്പറ്റി രണ്ടു ചോദ്യങ്ങൾ ഉയർന്നുവരാം – 1. പുറത്തുള്ളവരുടെ പ്രവർത്തികൾക്കേന്തേ പ്രതികരിക്കാത്തത്? 2. സഭയിൽ മറ്റു പലരും പലതും പറയാറില്ലേ അതിനോടെന്തേ പ്രതികരിക്കാത്തത്? സഭയുടെ പുറത്തുള്ളവരുടെ ആക്രണത്തിനു കഴിവുള്ള പ്രതിരോധങ്ങൾ ഉണ്ടാകാറുണ്ട് എങ്കിലും, അത്തരം ജല്പനങ്ങളെ തങ്ങളുടെ നിലനില്പിനുള്ള വിലകുറഞ്ഞ അഭ്യാസ പ്രകടനങ്ങളായി കരുതി തള്ളിക്കളയേണ്ട ആവശ്യമേ ഉള്ളൂ എന്നാണ് എനിക്കു തോന്നുന്നത്. സത്യമറിഞ്ഞാലും അവർ അതു അംഗീകരിക്കുകയില്ല. ഉറങ്ങുന്നവരെയുണർത്താം ഉറക്കം നടിക്കുന്നവനെ ഉണർത്തുവാൻ സാദ്ധ്യമല്ല. രണ്ടാമത്തെ കാര്യമെടുത്താൽ എനിക്കറിയാവുന്ന കാര്യങ്ങൾ വെളിച്ചത്തു കൊണ്ടുവരുവാൻ ശ്രമിക്കാറുണ്ട്. ഇവിടുത്തെ സംഗതികൾ എനിക്ക് നേരിട്ടറിവുള്ളതിനാലാണ് ഈ ലേഖനത്തിലൂടെ വിശദീകരിക്കുന്നത്. സഭയ്ക്കുള്ളിൽ നിന്നുള്ള ഇത്തരം വിധ്വംസന പ്രവർത്തനങ്ങൾ ഗുണകരമല്ലാത്തതിനാൽ വിശ്വാസികളെ സത്യമെന്താണ് എന്ന് ബോദ്ധ്യപ്പെടുത്തുവാനുള്ള ഒരു പരിശ്രമം മാത്രമാണിത്. അല്ലെങ്കിൽ Slow Poison പോലെ ക്രമേണ സഭാഗാത്രത്തിൽ പടർന്നുകയറി സഭയെ നശിപ്പിക്കും. മരണം സംഭവിച്ചു കഴിഞ്ഞിട്ടൊരു പോസ്റ്റ്മോർട്ടം നടത്തിയതുകൊണ്ട് ജീവൻ തിരിച്ചു കിട്ടുകയില്ലല്ലോ. ഏതെങ്കിലും നിസ്സാര കാരണങ്ങൾകൊണ്ട് സഭാ

സ്ഥാനികളോടൊ നേതൃത്വത്തോടൊ വൈദികഗണങ്ങളോടൊ മറ്റ് ശുശ്രൂഷകൾ നിർവ്വഹിക്കുന്നവരോടൊ, ആർക്കെങ്കിലും ഏതെങ്കിലും വിധത്തിൽ നീരസമോ, അഭിപ്രായഭിന്നതയോ ഉണ്ടെങ്കിൽ, ആ അവസരവും വ്യക്തികളെയും ഉപദേശിച്ച് സഭയ്ക്കെതിരെ പറഞ്ഞു തിരിക്കയും അവരുടെ ഉള്ളിൽ വിദ്വേഷവും വൈരാഗ്യവും ജ്വലിപ്പിക്കുകയും ചെയ്തുകൊണ്ട്, നേതൃത്വത്തിനെതിരായി ഒരു കലാപം ഉണ്ടാക്കുവാനുള്ള സാദ്ധ്യതകൾ തള്ളിക്കളയാനാവില്ലല്ലോ. അതിന്റെ ഭാഗമായി ചെറിയ സംഭവങ്ങൾ പലപ്പോഴും രൂപപ്പെട്ടുവരുന്നത് ഏവർക്കുമറിയാവുന്ന വസ്തുതയുമാണ്. പ്രശ്ന പരിഹാരത്തിനുള്ള സാദ്ധ്യതകൾ അപ്പാടെ ഇല്ലാതാവുകയാണിവിടെ. പുറത്തുനിന്നുമുള്ള ഉപദ്രവങ്ങളെക്കാൾ, ഈ പൗരാണിക സഭയെ ദുർബലപ്പെടുത്തിയിട്ടുള്ളതും, ഇപ്പോൾ ശിഥിലമാക്കുന്നതും ഉള്ളിൽ നിന്നുള്ള വിധ്വംസന പ്രവർത്തനങ്ങളാണ് എന്നത് ദുഃഖകരമായ യാഥാർത്ഥ്യമാണ്. രാജാവ് നഗ്നനാണെന്ന് എല്ലാവർക്കും അറിയാമെങ്കിലും അതു വിളിച്ചു പറഞ്ഞ ബാലന്റെ അവസ്ഥയാണെനിക്കിപ്പോൾ.

1934-ലെ ഭരണഘടന അംഗീകരിച്ചവരിൽ അധികാരമോഹികളും സ്വാർത്ഥമതികളുമായവർ മലങ്കരസഭയെ ചതിച്ചതുപോലെ ഇനിയും വഞ്ചിക്കും എന്ന ഭീതി അസ്ഥാനത്തല്ലായിരുന്നുവെന്ന് അഭി. എബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ തിരിച്ചുപോക്കൽ തെളിയിച്ചു. അതിനു എന്തു കാരണങ്ങൾ നിരത്തിയാലും അവിശ്വസ്തതയും വഞ്ചനയുമാണത്. എന്റെ സഭയുടെ നന്മയ്ക്കും വളർച്ചയ്ക്കും എനിക്കെന്തു ചെയ്യുവാൻ കഴിയും എന്ന് ചിന്തിച്ചു പ്രവർത്തിക്കുന്നതിനു പകരം സഭയെക്കൊണ്ട് എനിക്കെന്തു നേട്ടമുണ്ടാക്കുവാൻ കഴിയും എന്നു ചിന്തിച്ചതിന്റെ ഫലമാണീ തിരിച്ചുപോകൽ. അങ്ങിനെ ചതിയന്മാരായി തീർന്നവർക്ക് താല്ക്കാലികമായി ചില നേട്ടങ്ങൾ ലഭിച്ചുവെങ്കിലും ആത്യന്തികമായി ദോഷം മാത്രമെ പ്രതിഫലമായി ലഭിച്ചിട്ടുള്ളുവെന്ന് ചരിത്രം സാക്ഷിക്കുന്നുണ്ട്. ഇപ്രകാരമുള്ള ചിന്തയോടുകൂടിയുള്ള സ്ഥാനമാനങ്ങൾക്കുള്ള അത്യാഗ്രഹം 2011 ജനുവരി ലക്കം ബുള്ളറ്റിനിൽ പറഞ്ഞത് സാന്ദർഭികമായി ഓർത്തുപോവുകയാണ്. സഭയുടെ മുഖ്യധാരയിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനങ്ങൾ തനിക്കും കൂടെയുള്ളവർക്കും ലഭിച്ചിട്ടും പരാതിയുമായി നടക്കുന്നത് എത്ര ലജ്ജാവഹമാണ്.

മറ്റൊരു തിരിച്ചുപോകലിനോ, ഉപേക്ഷണത്തിനോ ഉള്ള കളമൊരുക്കലാണ് ഡയോസിഷൻ ബുള്ളറ്റിനിലെ പല ലേഖനങ്ങളുമെന്ന് അവ ശ്രദ്ധിച്ചുവായിച്ചാൽ മനസ്സിലാക്കാം. ശാന്തമായും സഹകരണത്തോടും മുന്നോട്ടുപോകുന്ന ഇവിടുത്തെ വൈദികരെയും വിശ്വാസികളെയും തമ്മിലടിപ്പിക്കുവാൻ ഉതകുന്ന പുതിയ വ്യാഖ്യാനങ്ങളുമായി വിഷധൂളിവർഷിപ്പിക്കേണ്ട ആവശ്യമെന്ത്? സഹോദര മെത്രാപ്പോലീത്തയോട് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട സമിതികളിൽ ചർച്ച ചെയ്യുകയോ പരസ്പരം തുറന്ന മനസ്സോടെ കാര്യങ്ങൾ വിശകലനം ചെയ്ത് തെറ്റിദ്ധാരണകൾ മാറ്റി, ഐക്യത്തോടെ സഭയെ നയിക്കുന്നതിനുപകരം, ഞാൻ മാത്രം നീതിമാനാണെന്ന് പ്രസ്താവിച്ചുകൊണ്ട് സഭയെയും പിതാക്കന്മാരെയും സഹോദര മെത്രാപ്പോലീത്തയേയും അവഹേളിക്കുന്നതിന്റെ സാഗത്യമെന്ത്? Pride before fall എന്നുവേണമെങ്കിലിതിനെ വിശേഷിപ്പിക്കാം.

ഐക്യത്തിനും യോജിപ്പിനും താനെന്തോ മഹാത്യാഗം ചെയ്തുവെന്നു എപ്പോഴും പറയുകയും എഴുതുകയും ചെയ്യുന്നതോടൊപ്പം പുട്ടിനു പീരയിടുന്നതുപോലെയുള്ള അവഹേളിക്കലും. ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങളും പോക്കുമൊന്നും ശരിയല്ലെന്നും, സഭയെ നയിക്കുന്നവർ എന്തൊ വലിയ അപരാധം ചെയ്തുകൊണ്ടിരിക്കുകയാണ്, ഇവരൊന്നും ശരിയായ വഴിയിലൂടെയല്ല സഞ്ചരിക്കുന്നതും ചിന്തിക്കുന്നതും, എന്നാൽ തങ്ങൾ മാത്രമാണ് ശരിയെന്നും സ്ഥാപിക്കുവാൻ ആയുസ്സും ആരോഗ്യവും ചിലവഴിക്കുന്നതിന്റെ പിന്നിലെ രഹസ്യ അജണ്ട തിരിച്ചറിയേണ്ടതാണ്. ത്യാഗമെല്ലാം വാക്കിൽ മാത്രമേ ഉള്ളൂവെന്ന് ഇവിടെയുള്ളവർക്ക് നന്നായറിയാം. എന്നാൽ ലാഭവും നേട്ടവും വളരെയധികം ഉണ്ടായിട്ടുണ്ടെന്നുള്ളത് പരമാർത്ഥവുമാണ്. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ ചില വൈദികരും വിശ്വാസികളും കഷ്ടതകൾ സഹിക്കുന്നുണ്ട് എന്നുള്ളത് ഇത്തരണത്തിൽ വിസ്മരിക്കുന്നില്ല. അവരെയെങ്കിലും കബളിപ്പിക്കാതിരിക്കാമായിരുന്നു.

കളമൊരുക്കുന്നിതന്റെ ഭാഗമായി ചെയ്യുന്ന കാര്യങ്ങൾ ഓരോന്നായി പിന്നീട് വിശദീകരിക്കുന്നതാണ്. കാനോനും ഭരണഘടനയും ലംഘിക്കുന്നതും, പ. ബാവായുടെ കല്പനയ്ക്കും ആചാരാനുഷ്ഠാനങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നതുമെല്ലാം ഇതിന്റെ ഭാഗമല്ലേ? എല്ലാ രീതിയിലും ഇവിടെ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് സഭയെ ദുർബലപ്പെടുത്തി നശിപ്പിക്കാം, അല്ലെങ്കിൽ തനിക്കെതിരെ ഒരു നടപടി എങ്ങിനെയും ഉണ്ടാക്കുക, അഥവാ സഹികെട്ട സഭാംഗങ്ങളുടെ ശക്തമായ പ്രതികരണമുണ്ടാവുക. എന്തായാലും സഭയെ ഉപേക്ഷിക്കുന്നതിനു കാരണമായി ചൂണ്ടിക്കാണിക്കാം. ഐക്യത്തിനും യോജിപ്പിനുമായി വളരെ ത്യാഗങ്ങൾ സഹിച്ചിട്ടും ഓർത്തഡോക്സുകാരുടെ ഇടുങ്ങിയ മനസ്സ് തങ്ങളെ തള്ളിക്കളഞ്ഞുവെന്ന് വ്യാകുലത്തോടെ പറയുകയും ചെയ്യാം. ഒരു രക്തസാക്ഷി പരിവേഷത്തോടെയൊരു വിടവാങ്ങൽ പ്രസംഗവും നടത്താം. സഹതാപതരംഗത്തിൽ കുറച്ചു ഓർത്ത

ഡോക്സുകാരെയും ചില പള്ളികളും ലഭിക്കുകയാണെങ്കിൽ അതുലാഭവുമാകും. ഓർത്തഡോക്സു സഭയ്ക്കുള്ളിൽ നിന്നുകൊണ്ടിതിനെ അപകീർത്തിപ്പെടുത്തുകയും ശിഥിലീകരണം നടത്തുകയും ചെയ്തതിനാൽ ചെല്ലുന്നിടത്തുനിന്ന നല്ലൊരു സ്വീകരണവും വലിയ സ്ഥാനമാനങ്ങളും ലഭിക്കാം, പഞ്ചതന്ത്രം കഥയിലെ മൂന്നാമത്തെ തന്ത്രമായ കാകലൂകീയം പോലെ.

പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനിക്ക് സത്യവാങ്മൂലം നല്കിയതും, പിന്നീട് ഐക്യ ശ്രമങ്ങൾ നടത്തിയെന്ന് കൊട്ടും കുരവയുമായി പ്രസിദ്ധപ്പെടുത്തുന്നതുമല്ലാതെ യാഥാർത്ഥ യോജിപ്പിനു വേണ്ടിയുള്ള ആത്മാർത്ഥമായ യാതൊരു പരിശ്രമവും ഉണ്ടായില്ലയെന്ന് വസ്തുതകളെ അപഗ്രഥിക്കുമ്പോൾ മനസ്സിലാക്കാം. ഡയോസിഷൻ ബുള്ളറ്റിനിലെഴുതുവാൻ വിസ്മരിച്ചു പോയൊരു സംഭവം വിവരിക്കട്ടെ. ഐക്യശ്രമത്തിന്റെ ഭാഗമായി കണ്ടനാട് ഭദ്രാസനത്തിലെ ഇരുഭാഗത്തിലുമുള്ള വൈദികരെ ഒറ്റ വേദിയിൽ ഒരുമിച്ചുകൊണ്ടുവരണമെന്നും അവരുടെ ആശങ്കകളും സംശയങ്ങളും പരിഹരിക്കണമെന്നും, അതുവഴി പരസ്പര ബന്ധം ശക്തിപ്പെടുത്തണമെന്നും അഭി. സേവേറിയോസ് തിരുമേനി പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും, അഭി. അത്താനാസ്യോസ് തിരുമേനി നിഷ്കരുണം നിരാകരിച്ചത് ഐക്യത്തെ പിന്നോട്ടു നയിച്ചു. ഇതിന് ചാലപ്പുറത്ത് ബഹു. ജോർജ്ജ് അച്ചനും, കോനാട്ട് ബഹു. ജോൺസ് അബ്രഹാം അച്ചനും സാക്ഷികളാണ്. അക്കാലത്ത് ശെമ്മാശ്ശനായിരുന്ന ഞാൻ അഭി. സേവേറിയോസ് തിരുമേനിയോടൊപ്പം സെക്രട്ടറിയായി ഉണ്ടായിരുന്നതിനാൽ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കിയിരുന്നു. യോജിപ്പിനേക്കാളുപരി തന്ത്രത്തിലൂടെ സ്ഥാനമാനങ്ങൾ നേടുവാനുള്ള ഒരു ശ്രമമാണ് അവിടെ കണ്ടത്.

പാത്രിയർക്കീസു വിഭാഗത്തിലെ അഭി. തോമസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തയുമായി ഉണ്ടായിരുന്ന സ്ഥാനമാനങ്ങൾക്കുള്ള വടംവലിയും വഴക്കും, അദ്ദേഹത്തെ മറികടക്കുന്നവാനുള്ള ശക്തിയില്ലെന്നുള്ള ബോദ്ധ്യവും കൈവശത്തിൽ വച്ച് അനുഭവിക്കുന്ന സ്വത്തുക്കൾ നഷ്ടപ്പെടുമെന്നുള്ള ഭീതിയും, ഭരണഘടന അംഗീകരിക്കുന്നതായി പ്രതിജ്ഞാപത്രം നല്കുവാൻ കാരണമായിത്തീർന്നു. തല്ക്കാലത്തേയ്ക്കുള്ള ഒരു അഭയസ്ഥാനമായും ഓർത്തഡോക്സ് സഭയെ ഉപയോഗിച്ച് അഭി. തോമസ് മാർ ദീവന്നാസിയോസിനെ കീഴടക്കാനുള്ള മാർഗ്ഗമായും ഈ നാടകങ്ങൾ അരങ്ങേറി. അല്ലെങ്കിൽ പ. മുറിമറ്റത്തിൽ ബാവാ മലങ്കരസഭയ്ക്കായി സമ്പാദിച്ച അരമന സ്വത്തുക്കൾ, സ്വന്തമായി ട്രസ്റ്റു രൂപീകരിച്ച് അതിലൂടെ കൈവശപ്പെടുത്തുവാൻ ഇപ്പോൾ ശ്രമിക്കേണ്ട കാര്യമില്ലല്ലോ.

1995-ൽ കോടതി വിധി വന്നതിനുശേഷം യോജിപ്പിനു തയ്യാറാകുന്നതും ഭരണഘടന അംഗീകരിക്കുന്നതും 1997 ലാണ്. സഭയുടെ യോജിപ്പിനു വേണ്ടി പ്രവർത്തിക്കുവാൻ ഉപദേശിച്ചുകൊണ്ടും ഐക്യശ്രമങ്ങൾക്കു പിന്തുണ നല്കുന്നതുമായ പ. പാത്രിയർക്കീസ് ബാവയുടെ 175/95-ാം നമ്പർ കല്പനയുടെ തീയതി 1995 ഓഗസ്റ്റ് 1-ാം തീയതിയുമാണ്. എന്നാൽ ഈ രണ്ടു വർഷക്കാലം യോജിപ്പിനുള്ള ശ്രമത്തെക്കാളുപരി ഓർത്തഡോക്സ് സഭയ്ക്കെതിരെയുള്ള പടയൊരുക്കമായിരുന്നു. അതോടൊപ്പം നടന്ന അധികാര വടംവലിയിൽ പരാജയപ്പെട്ടതാണ്, 1997-ലെ അംഗീകരണത്തിനു കാരണമായിത്തീർന്നത്. ഇക്കാലമത്രയും തങ്ങളാണ് വിജയിച്ചതെന്നു പറഞ്ഞ് ഓർത്തഡോക്സുസഭയെ ഏതുവിധേനയും കാല്ക്കീഴിൽ കൊണ്ടുവരുവാൻ തക്കവിധത്തിൽ പാത്രീയർക്കീസ് വിഭാഗത്തിലുള്ള വരെ മാനസ്സികമായും ശാരീരികമായും സജ്ജമാക്കുകയായിരുന്നു. അത് ഇരുവിഭാഗങ്ങൾ തമ്മിലുള്ള അകൽച്ചക്ക് മുമ്പുണ്ടായിരുന്നതിനേക്കാൾ ആഴമുണ്ടാക്കി. 2010 ജൂൺ ലക്കം ബുള്ളറ്റിനിൽ ഇത് സമ്മതിച്ചിട്ടുണ്ട്. ഐക്യശ്രമം പൂർണ്ണമായി വിജയിക്കാത്തിന് ഇത് മറ്റൊരു കാരണമാണ്. ഈ കോപ്പുകൂട്ടലിനോടൊപ്പം സമാധാന ചർച്ച നടത്തിവന്നത് മറ്റൊരു നാടകമായിരുന്നു. അത് തിരിച്ചറിയുവാൻ കഴിഞ്ഞില്ല എന്നത് ഓർത്തഡോക്സ് സഭയുടെ ബലക്ഷയത്തിന് കാരണമായിത്തീർന്നു. സമാധാന ശ്രമത്തെക്കുറിച്ച് അക്കാലത്ത് കോട്ടയം വലിയ പള്ളിയിൽ വച്ച് നല്കിയ വിശദീകരണം പാത്രിയർക്കീസ് വിഭാഗത്തിലെ പ്രമുഖ വൈദികനായിരുന്ന തോമ്പ്രയിൽ ബ. ഏലിയാസ് അച്ചൻ ഞങ്ങളോട് വെളിപ്പെടുത്തിയത് ഇപ്പോഴും വ്യക്തമായി ഓർക്കുന്നു. "ഓർത്തഡോക്സു വിഭാഗത്തിൽ 80 കഴിഞ്ഞ ഒന്നോ രണ്ടോ മെത്രാന്മാരൊഴിച്ചാൽ ബാക്കിയുള്ളവർ കഴിവില്ലാത്തവരും വിവരമില്ലാത്തവരുമാണ്. ഇപ്പോൾ അങ്ങോട്ട് ചേർന്നതായി ഭാവിച്ചാൽ കുറച്ചുകഴിമ്പോൾ ഈ സഭ നമ്മുടെ കയ്യിലിരിക്കും". ഈ അനുരഞ്ജനത്തിന്റെ വക്താക്കളെ എങ്ങിനെ വിശ്വസിക്കും. ഇവിടെ എന്ത് ആത്മാർത്ഥതയാണുണ്ടായിരുന്നത്?

വിലപേശലിലൂടെ അധികാരവും സ്ഥാനമാനങ്ങൾ നേടിയെടുക്കുന്നതിനുള്ള തന്ത്രങ്ങളും, ഇവിടെയുള്ള ഓർത്തഡോക്സുകാരെ എങ്ങിനെയെങ്കിലും ഛിന്നഭിന്നമാക്കി ശക്തി ക്ഷയിപ്പിക്കുകയോ, തമ്മിലടിപ്പിച്ച് ഇല്ലാതാക്കുകയോ ചെയ്തുകൊണ്ട് തങ്ങളുടെ അധീശത്വം ഉറപ്പിക്കുവാനുള്ള ഒരു പരിശ്രമമാണിവിടെ ഉണ്ടായത്. അത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നുവെന്നതിന്റെ തെളിവാണ് വടകര, പിറവം തുടങ്ങിയ പള്ളികളിൽ കാണുന്നത്.

കടമറ്റത്തും കോലഞ്ചേരിയിലും ഓർത്തഡോക്സുകാരുടെ നിസ്സഹരണമാണ് ഐക്യശ്രമത്തെ

പരാജയപ്പെടുത്തിയതും തന്റെ ജനങ്ങൾ പിന്നോട്ടു പോയതുമെന്നായിരുന്നു പ്രധാന ആരോപണം. ഇതിലെന്തെങ്കിലും സത്യമുണ്ടോയെന്ന് അവിടെയുള്ള പാത്രിയർക്കീസ് വിഭാഗത്തിലുള്ളവരോട് അന്വേഷിക്കുന്നത് നന്നായിരിക്കും. ആരോപണം വ്യാജമാണെന്നറിയാമെങ്കിലും, ഒരു സംശയത്തിനു വിശദീകരണം ആവശ്യമാണ്. കണ്ടനാട് ഭദ്രാസനത്തിൽ ഈ രണ്ടു പള്ളികൾ മാത്രമേയുള്ളോ? 1995-ൽ പ്രസിദ്ധീകരിച്ച "ജനാധിപത്യ വല്ക്കരണത്തിലൂടെ അനുരഞ്ജനം" എന്ന ഗ്രന്ഥത്തിൽ അങ്ങവകാശപ്പെടുന്നത് 5% താഴെ മാത്രം ജനപിന്തുണയുള്ള മെത്രാന്മാരാണ് വടക്കൻ ഭദ്രാസനങ്ങളിലുള്ളത് എന്നാണ്. ബാക്കി 95% ജനങ്ങളിൽ അങ്ങയ്ക്കു സ്വാധീനവും അവരുടെ പിന്തുണയുണ്ടായിരുന്നിട്ടും എന്തു സംഭവിച്ചു? ഓർത്തഡോക്സുകാർ നാമമാത്രമായുള്ളതും വൈദികർക്കും മെത്രാപ്പോലീത്തയ്ക്കും യാതൊരു പിന്തുണയോ സ്വാധീനമോ ഇല്ലാതിരുന്ന ഭൂരിപക്ഷം വൈദികരെയും ജനങ്ങളെയും ഇടവക പള്ളികളെയും കൂടെ നിർത്തുവാൻ പറ്റാത്ത പോയതു ആരുടെ കുറ്റം കൊണ്ടാണ്? തന്റെ സ്വന്തം ജനങ്ങളിലും സ്വന്തം ഇടവകയിൽ പോലും പിന്തുണയോ, അവരുടെ വിശ്വാസമോ ആർജിക്കുവാൻ സാധിക്കാതെ പോയതിന്റെ ഉത്തരവാദിത്വം ആർക്കാണ്? സത്യസന്ധമായ ഒരു ആത്മപരിശോധന ഇവിടെ ആവശ്യമെന്നുതോന്നുന്നു. 2011 ജനുവരി ലക്കം ഡയോസിഷൻ ബുള്ളറ്റിനിലെഴുതിയതുപോലെ പ്രബുദ്ധമായ വൈദിക സമൂഹവും, നവീകരണ സഭകളിലും ഓർത്തഡോക്സുസഭയിലുമുള്ള നിർബന്ധിത സമയാധിഷ്ഠിത സ്ഥലമാറ്റമില്ലാതെ ദീർഘകാലബന്ധത്തോടുകൂടിയ അജപാലനമൊക്കെ ഉണ്ടായിരുന്നിട്ടും തന്റെ ജനങ്ങൾ അനുസരണയില്ലാതെ പോയത്, പിന്നീട് എഴുതിയിരുന്നതുപോലെ, വൈദികർ വേണ്ടവിധം അദ്ധ്വാനിക്കാത്തതിനാൽ ജനം അലംഭാവം കാണിച്ചതുമൂലമായിരിക്കാമെന്നു വേണമെങ്കിൽ ആശ്വസിക്കാം. പണി നന്നാവാത്തതിനു തടിയെ കുറ്റം പറഞ്ഞിട്ടെന്തു പ്രയോജനം? എന്തായാലും സ്വന്തം വാക്കുകൾ അറം പറ്റിയെന്നു വ്യവസനത്തോടെ മാത്രമെ പറയുവാൻ കഴിയൂ.

സുഹൃദ് സംഭാഷണമദ്ധ്യേ പാത്രീയർക്കീസ് വിഭാഗത്തിലെ ഒരു വൈദികൻ പറഞ്ഞത് ഇത്തരുണത്തിൽ ഓർക്കുന്നു– "ഇത് വിശ്വാസ സംബന്ധമായ കാര്യമാണ്, അത് അപ്രകാരം തന്നെ പരിഹരിക്കപ്പെടണം, കോടതി വിധിയിലൂടെയൊന്നുമതിനു പരിഹാരം ഉണ്ടാവുകയില്ല. വേദവിപരീതം പഠിപ്പിക്കുന്ന കാതോലിക്കാ കക്ഷിയുമായി യോജിക്കുക അസാദ്ധ്യമാണ്........" തുടങ്ങിയ കാര്യങ്ങൾ രാപകലില്ലാതെ പറഞ്ഞു പഠിപ്പിച്ചിട്ട്, അതിനു പരിഹാരം കാണാതെ, ഞങ്ങളെയെല്ലാം വിഡ്ഢികളാക്കിക്കൊണ്ട് ഒരു ദിവസം കാലുമാറിയ ആളെ ഞങ്ങളെങ്ങനെ വിശ്വസിക്കും? ഇതിന്റെ ഫലം നിങ്ങളും അനുഭവിക്കും. അക്കാലത്ത് പ്രസിദ്ധീകരിച്ചിരിക്കുന്ന ലേഖനങ്ങളും "ഇത് വിശ്വാസത്തിന്റെ കാര്യം", "ജനാധിപത്യവല്ക്കരണത്തിലൂടെ അനുരഞ്ജനം" തുടങ്ങിയ ഗ്രന്ഥങ്ങളും അതിനെ ശരിവയ്ക്കുന്നതാണ്. പിന്നീട് അദ്ദേഹം കൂട്ടിച്ചേർത്തു "Our problem ends, your problem begins". അസ്സോസിയേഷന്റെയോ മാനേജിംഗ് കമ്മിറ്റിയുടെയൊ അറിവോ സമ്മതമോ കൂടാതെ ഗുർഗാനെ വാഴിച്ചത് മുതൽ ഉണ്ടായ പ്രശ്നങ്ങൾ ഈ പ്രസ്താവനയെ ശരിവയ്ക്കുന്നതല്ലേ?

80 കഴിഞ്ഞ ഒന്നോ രണ്ടോ പേരൊഴികെ ഗുണമേന്മയുള്ള മെത്രാന്മാർ ഓർത്തഡോക്സു സഭയിലില്ലെന്ന് (1994 ബുള്ളറ്റിൻ) എഴുതിയത് തുടർന്ന് പ്രഖ്യാപിക്കുകയും "വടക്കുള്ള ഞങ്ങൾ ഇവിടെയുള്ളപ്പോൾ തെക്കുനിന്നുള്ള മെത്രാച്ചന്മാരുടെ ആവിശ്യമിവിടെയെന്തിന്" എന്ന് പകുതി കാര്യമായും പകുതി തമാശയായും പറഞ്ഞുകൊണ്ടാണ് സമാധാന ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നത്. അതിനാൽ ഐക്യശ്രമങ്ങളുടെ ആത്മാർത്ഥതയിൽ ജനങ്ങളും വൈദികരും സംശയം പ്രകടിപ്പിച്ചിരുന്നു എന്നത് നിഷേധിക്കുന്നില്ല. ഈ പ്രസ്താവനകളുടെ തുടർച്ചയാണിപ്പോൾ ബുള്ളറ്റിനിലൂടെ കാണുന്നത്.

ഇവിടെയുള്ള ഓർത്തഡോക്സുകാർ എന്തെങ്കിലും നേട്ടത്തിനോ, കാര്യലാഭത്തിനോ അല്ല സഭയിൽ ഉറച്ചുനിന്നതും പീഢനങ്ങൾ സഹിച്ചതും. സത്യത്തിനുവേണ്ടിയായിരുന്നു. അതിനാൽ ഇപ്രകാരമുള്ള പ്രകടനങ്ങളിലൊന്നും കാലിടറിയില്ല. മലങ്കരസഭ ഒന്നാണ്, തെക്കും വടക്കും വിഭാഗീയത പറഞ്ഞ് ഭിന്നിപ്പിക്കുവാൻ ശ്രമിച്ചാൽ അതിവിടെ വിലപ്പോകുകയുമില്ല. "ജനാധിപത്യവല്ക്കരണത്തിലൂടെ അനുരഞ്ജനം" എന്ന ഗ്രന്ഥത്തിലെ "....... ഹൃദയം മനസ്സിലാക്കുവാനോ, പരിദേവനങ്ങൾ ശ്രദ്ധിക്കാനോ കഴിയാത്ത കോട്ടയത്തെ നേതൃത്വം" (പേജ് 38) "കാതോലിക്കോസ് കക്ഷിയിൽ സഭാഭരണം ഇപ്പോൾ തന്നെ കുത്തകക്കാരുടെ കൈവശമാണ്" (പേജ് 40) തുടങ്ങിയ പ്രസ്താവനകൾക്കൊന്നും ചെവികൊടുക്കുവാനോ, ഭരണഘടനാനുസൃതം തെരഞ്ഞെടുത്ത് വാഴിച്ചു നിയമിച്ചാക്കിയ ഭദ്രാസന മെത്രാപ്പോലീത്തയെ നിരസിക്കുവാനോ തള്ളിപ്പറയുവാനോ, ഒറ്റുകൊടുക്കുവാനോ തയ്യാറാകാത്തതിനാലാണ് ഇവിടെയുള്ളവർ ഈ നിന്ദകളെല്ലാം സഹിക്കേണ്ടിവരുന്നത്. 2011 ജനുവരി ലക്കത്തിലെഴുതിയിരുക്കുന്നതുപോലെ മെത്രാപ്പോലീത്തയുടെ പ്രതികാരത്തിനും കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയും വൈദികരും ജനങ്ങളും പാത്രമായിത്തീർന്നിരിക്കുന്നത് എന്ന് മലങ്കര സഭ മുഴുവനും തിരിച്ചറിയണം.

ഭരണഘടന അംഗീകരിക്കുന്നവെന്നു പ്രഖ്യാപിച്ചാലും അസ്സോസ്സിയേഷനും പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസും അംഗീകരിക്കാതെ

ഒരു മേല്പട്ടക്കാരനും മലങ്കരസഭയുടെ മെത്രാപ്പോലീത്തയാവുകയില്ല. അങ്ങിനെ സംഭവിക്കുന്നത് 112, 113 വകുപ്പുകളുടെ നഗ്നമായ ലംഘനവുമാണ്. അസ്സോസ്സിയേഷനും പരി. സുന്നഹദോസും അംഗീകരിച്ച് പ. ബാവാ തിരുമേനി കല്പന പുറപ്പെടുവിക്കേണ്ട ആവശ്യമില്ലെങ്കിൽ, ഭരണഘടന അംഗീകരിക്കുന്നുവെന്നു സത്യവാങ്മൂലം നല്കിയ പാത്രിയർക്കീസ് വിഭാഗത്തിലെ അഭി. തോമസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത മുതലുള്ളവരെ മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തന്മാരായി പരിഗണിക്കാമല്ലോ. പക്ഷേ സാദ്ധ്യമല്ലയെന്നു നമുക്കറിയാം. അപ്പോൾ കോടതി വിധി അനുവദിച്ചിരിക്കുന്ന, ഭരണഘടന പ്രതിജ്ഞ ചെയ്തവർക്കുള്ള സ്റ്റാറ്റസ്ക്കോ എന്ന ആനുകൂല്യം നല്കുന്നത്, മലങ്കര സഭയിലെ മേല്പട്ടക്കാരായി പ്രവർത്തിക്കാനല്ല, മറിച്ച് തങ്ങൾ ആയിരിക്കുന്ന സ്ഥാനത്ത് അസ്സോസ്സിയേഷന്റെ അംഗീകാരം ലഭിക്കുന്നവരെ തുടരാൻമാത്രമാണ്. അതു വ്യക്തമായി അറിയാവുന്നതുകൊണ്ടല്ലേ “Under the Holy Apostolic See of Antioch and all the East” എന്ന തലവാചകം, പ്രതിജ്ഞാപത്രം നല്കിയതിനു ശേഷവും തങ്ങളുടെ ലെറ്റർ ഹെഡിൽ ഉപയോഗിച്ചിരുന്നത്? അസ്സോസ്സിയേഷൻ അംഗീകരിക്കുകയും പ. സുന്നഹദോസ് അംഗീകരിക്കുന്നവരെയും ഒരു കോടതിയും ഈ മെത്രാപ്പോലീത്തന്മാരെ മലങ്കര ഓർത്തഡോക്സു സഭയുടെ മെത്രാച്ചന്മാരായി അംഗീകരിക്കാതിരുന്നതും 112, 113 വകുപ്പുകൾ മൂലമായിരുന്നു. (ഉദാഹരണത്തിന്, കോലഞ്ചേരി പള്ളിയെ സംബന്ധിച്ച് ബഹു. ഇച്ചിക്കോട്ടിലച്ചനെതിരായി, അഭി. സേവേറിയോസ് തിരുമേനിയാണ് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയെന്ന വിധി). പ്രതിജ്ഞാപത്രം നല്കിയപ്പോൾ മലങ്കരസഭയുടെ മെത്രാപ്പോലീത്തന്മാരായെന്നു അവകാശപ്പെടുന്നവർ എന്തുകൊണ്ട് ലെറ്റർ ഹെഡിൽ ഇന്നു കാണുന്ന മാറ്റം വരുത്തിയില്ല? അതിനു പരിഹാരം ഉണ്ടാകുന്നതിനായി, കണ്ടനാട് ഭദ്രാസനത്തിലെ വൈദികർ, അസ്സോസിയേഷൻ ഉടൻ വിളിച്ചുകൂട്ടണമെന്നും ഇവരുടെ സ്ഥാനം ratify ചെയ്യണമെന്നും, പ. സുന്നഹദോസ് സമ്മേളിച്ച്, അതംഗീകരിച്ച് എത്രയും വേഗം കല്പന പുറപ്പെടുവിക്കണമെന്നും അപേക്ഷിച്ചു. അത് ഉടനെ സാദ്ധ്യമല്ലെങ്കിൽ, ഈ മെത്രാപ്പോലീത്തന്മാരെ അംഗീകരിക്കുന്നതിനായി ഒരു കല്പനയെങ്കിലും തരണമെന്ന് അപേക്ഷിച്ചതനുസരിച്ചാണ് 78/97-ാം നമ്പർ കല്പന പ. ബാവ നല്കിയത്. അതിനാണ് കണ്ടനാട് ചില വൈദികർ തങ്ങളെ എടുക്കേണ്ടയെന്ന് പരാതി നല്കിയെന്ന് അസ്സോസിയേഷൻ ബുള്ളറ്റിനിൽകൂടി എഴുതിയിരിക്കുന്നത്. പ. ബാവയുടെ കല്പന ഓർത്തഡോക്സു വിഭാഗത്തിലെ മെത്രാപ്പോലീത്തയും, വൈദികരും ജനങ്ങളും അനുസരിച്ച് പ്രവർത്തിച്ചു. തുബ്ദേനിൽ പേര് ഓർക്കുകയും വി. കുർബ്ബാനയും കൂദാശകൾ അനുഷ്ഠിക്കുവാനും മറ്റു യോഗങ്ങൾക്ക് ക്ഷണിക്കുകയും ചെയ്തു. സംബന്ധിച്ചതിന് തെളിവുമുണ്ട്. എന്നാൽ മറു വിഭാഗത്തെ അപ്രകാരം ചെയ്യുന്നതിൽ നിന്ന് മെത്രാപ്പോലീത്ത വിലക്കുകയാണുണ്ടായത്. പ. ബാവയുടെ കല്പന ലംഘിച്ചതാരാണ്?

ഐക്യശ്രമത്തിന്റെ ഭാഗമായി കടമറ്റം പള്ളിയുടെ കാര്യത്തിൽ നടന്ന ചർച്ചയിൽ, അധികാരം ഉറപ്പിക്കുവാനും ഇവിടെയുള്ള വൈദികരെ അകറ്റി നിർത്തുവാനും ഇവിടുത്തുകാരനല്ലാത്ത മെത്രാപ്പോലീത്തയെ ഓടിച്ചുവിടുവാനുമുള്ള ശ്രമമാണ് ഉണ്ടായത്. അതിനായി തരം താഴ്ന്ന വിലപേശലും വക്രത നിറഞ്ഞ സമീപനവുമാണ് കാണുവാൻ കഴിഞ്ഞത്. കടമറ്റം പള്ളിയിൽ എക്കാലത്തും ഓർത്തഡോക്സു വിഭാഗത്തിന്റേതായിരുന്നു വികാരിയും ട്രസ്റ്റിയും. കക്ഷിവഴക്കിന്റെ ഭാഗമായി കോടതി വിധിപ്രകാരം പോലീസ് സംരക്ഷണവും ഇവർക്കുണ്ടായിരുന്നു. സമാധാന ചർച്ചകൾ പൂർത്തിയാകുന്നതിനു മുമ്പ്, ഓർത്തഡോക്സ് വിഭാഗത്തിലെ വികാരിയെയും ട്രസ്റ്റിയെയും മാറ്റി തൽസ്ഥാനത്ത് പാത്രിയർക്കീസ് വിഭാഗത്തിൽ നിന്ന് വികാരിയെയും ട്രസ്റ്റിയെയും ഏകപക്ഷീയമായി (ഫാ. ഗീവർഗീസ് പുന്നക്കുഴി, ശ്രീ. രാജു എന്നിവർ) നിയമിച്ചു. ഏതെങ്കിലുമൊരുസ്ഥാനം ഓർത്തഡോക്സ് വിഭാഗത്തിനു തരുവാൻ തയ്യാറാകാതെ, ഇത്രയും നാൾ ഉപദ്രവങ്ങൾ സഹിച്ചു നിന്നു കാതോലിക്കേറ്റിനുവേണ്ടി നിലയുറപ്പിച്ചിരുന്ന ഓർത്തഡോക്സുകാരെ നിഷ്കരുണം യാതൊന്നുമില്ലാത്തവരായി പുറത്താക്കുവാൻ നടത്തിയ ഈ കുത്സിത ശ്രമമാണ് പിന്നീടുണ്ടായ പ്രശ്നങ്ങൾക്ക് മുഖാന്തിരമായത്. ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി പാത്രിയർക്കീസുകാരുടെ കല്ലേറിൽ മരിച്ച ഓനൻകുഞ്ഞിന്റെ സ്മരണ പേറുന്നവരും, ഇത്രയും കാലം പീഢനങ്ങൾ സഹിച്ചിരുന്നവരുമായ ഓർത്തഡോക്സുകാരുടെ വികാരങ്ങളെ അല്പംപോലും മാനിക്കാതെ ഇരുസ്ഥാനങ്ങളും കരസ്ഥമാക്കിയതിലുള്ള ദുഃഖവും നിരാശയും വേദനയും മറ്റൊരു കേസിനു കാരണമായി. അകാരണമായി വാശിപിടിക്കാതെ ഓർത്തഡോക്സുകാരെ ഉൾക്കൊള്ളുവാനുള്ള ഒരു തുറന്നമനസ്സ് അഭി. അത്താനാസ്യോസ് തിരുമേനി കാണിച്ചിരുന്നുവെങ്കിൽ നിർഭാഗ്യകരമായ ആ കേസ് ഒഴിവാക്കാമായിരുന്നു.

വ്രണിതഹൃദയരായ വിശ്വാസികളിലൊരാൾ കോടതിവിധിക്കും ഭരണഘടനയ്ക്കും വിരുദ്ധമായി നടന്ന ഈ നിയമനത്തിൽ മനംനൊന്ത് കോടതിയെ സമീപിച്ചു. ഞാനതിനെ ന്യായീകരിക്കുകയല്ലാ, പക്ഷെ അഭി. സേവേറിയോസ് തിരുമേനിയോ, കൂടെയുള്ള വൈദികരോ, കൗൺസിലോ അറിയാതെ ഉണ്ടായ ഈ കേസിൽ നിരപരാധികളായവരെ

തേജോവധം ചെയ്യുന്നത് ഇനിയെങ്കിലും നിർത്തിക്കൂടെ? ആ കേസിന്റെ ആദ്യത്തെ സിറ്റിംഗ് നടന്നപ്പോഴാണ് അഭിവന്ദ്യ തിരുമേനിയുൾപ്പെടെയുള്ളവർ ഈ വിവരം അറിയുന്നതുതന്നെ. ഉടനെ തന്നെ കേസുകൊടുത്ത വ്യക്തിയെ വിളിച്ച് ശാസിക്കുകയും കേസ് പിൻവലിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തതനുസിരിച്ച് അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു. ഈ സംഭവമാണ്, പ. ബാവായ്ക്കെതിരെ, അഭി. സേവേറിയോസ് തിരുമേനി കേസ് കൊടുത്തെന്നു പറഞ്ഞ് മലങ്കരസഭ മുഴുവനും പറഞ്ഞു നടക്കുകയും ഇപ്പോൾ ഡയോസിഷൻ ബുള്ളറ്റിനിലെഴുതുകയും ചെയ്തിരിക്കുന്നത്. ഇതുപോലെ എനിക്കും പറയാമല്ലോ ഫോണിൽ വിളിച്ച് എന്നെ ഭീഷണിപ്പെടുത്തിയത് അഭി. അത്താനാസ്യോസ് തിരുമേനി പറഞ്ഞിട്ടാണെന്ന്. അങ്ങനെ പറഞ്ഞാൽ അഭി. തിരുമേനിയും ഞാനും തമ്മിൽ എന്താണ് വ്യത്യാസം? കേസുവാദിച്ച വക്കീൽ ഇപ്രകാരം പറഞ്ഞുവെന്ന് എഴുതിയിരിക്കുന്നതു കണ്ടപ്പോൾ, ആ വക്കീലുമായി ബന്ധപ്പെട്ട് ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ, അദ്ദേഹം നല്കിയ മറുപടി ഇപ്രകാരമായിരുന്നു - സേവേറിയോസ് തിരുമേനിയാണിത് ചെയ്യിപ്പിച്ചതെന്നു ഞാൻ പറഞ്ഞിട്ടില്ല. അത്താനാസ്യോസ് തിരുമേനിക്കങ്ങനെ തോന്നിയതായിരിക്കും. ഏതുതരത്തിലുള്ള മാനസ്സിക സംതൃപ്തിയാണിന്നു പറയുന്നവർക്കുണ്ടാകുന്നതെന്നറിയില്ല ഡയോസിഷൻ ബുള്ളറ്റിനിലെഴുതിയത് ഇവിടെ പ്രസക്തമാണ്. "ഒരു വക്കീലിന്റെ ധാർമ്മിക ബോധം പോലും......" (2011 മാർച്ച് ) ഇതു സംബന്ധിച്ച് ആർക്കെങ്കിലും എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയോ, കക്ഷിയോടൊ വക്കീലുമായോ സംസാരിച്ച് നിജസ്ഥിതി മനസ്സിലാക്കാവുന്നതാണ്. എല്ലാ വശങ്ങളും വിശകലനം ചെയ്ത്, പ്രതിപക്ഷ ബഹുമാനത്തോടെ സത്യസന്ധമായി ചരിത്രം രചിക്കണമെന്ന് ഡയോസിഷൻ ബുള്ളറ്റിനിലെഴുതിയിരുന്നത് ഈയിടെ വായിച്ചിരുന്നു.

കടമറ്റം പള്ളി പ്രശ്നത്തിൽ നടന്ന ചർച്ചയിലൂടെ ഉണ്ടാക്കിയ സമാധാന ഉടമ്പടിയുടെ ഭാഗമായി പ.ബാവായ്ക്ക് കടമറ്റത്ത് വച്ച് സ്വീകരണം നല്കണമെന്നും പിറ്റെദിവസം, പ. ബാവയുടെ കാർമ്മികത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കണമെന്നുള്ള നിർദ്ദേശം അഭി. അത്താനാസ്യോസ് തിരുമേനി അംഗീകരിച്ചുകൊണ്ടുപോവുകയും, പിറ്റേന്നു നടന്ന വി.കുർബ്ബാന ബഹിഷ്കരിക്കുകയും ചെയ്തു. ഇത് വഞ്ചനയല്ലേ? തന്നിമിത്തം വൈദികർക്കും വിശ്വാസികൾക്കും ഒരുമിച്ചുവരുവാനും പരസ്പരബന്ധം ശക്തിപ്പെടുത്തുവാനുമുള്ള അവസരം നഷ്ടമായി. അപ്രകാരം അന്നു നടനനിരുന്നവെങ്കിൽ കടമറ്റം പള്ളിയുടെ അവസ്ഥ ഇന്നത്തെപ്പോലെ ദുഃഖകരമായി തീരുകയില്ലായിരുന്നു.

സമാധന ഉടമ്പടിയുടെ ഭാഗമായി, ഇരുഭാഗത്തുനിന്നുമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അഡ്ഹോക്ക് കമ്മറ്റി നിലവിൽ വന്നു. ആ അഡ്ഹോക്കു കമ്മറ്റിയുടെ കാലാവധി അസ്സോസിയേഷൻ കൂടുന്നവരെ ആയിരിക്കണമെന്നും, അതിനുശേഷം ഭരണഘടന പ്രകാരം പൊതുയോഗം കൂടി ഭരണ കൈമാറ്റം നടത്തണമെന്ന ഒരു നിർദ്ദേശവും ഉണ്ടായി. എന്നാൽ അതിനു സമ്മതിക്കാതെയും, പൊതുയോഗം ചേരാതെയും പൊതുയോഗം നടത്തിയതായി രേഖയുണ്ടാക്കി ഭരണകൈമാറ്റം നടത്തുവാൻ അഭി. അത്താനാസ്യോസ് തിരുമേനി വാശിപിടിച്ചത് പള്ളി പൂട്ടുവാൻ കാരണമായിത്തീർന്നു.

ഇപ്രകാരം സത്യസന്ധമല്ലാത്തതും, ആശയകുഴപ്പമുണ്ടാക്കുന്നതുമായ പ്രവർത്തനങ്ങളാണ് അഭി. തിരുമേനിയിൽ നിന്ന് വൈദികരെയും വിശ്വാസികളെയും അകറ്റിയത്. തന്റെ കൂടെയുണ്ടായിരുന്നവരുടെ പോലും വിശ്വാസ്യത നേടിയെടുക്കുവാൻ കഴിയാതെ പോയതിനു മറ്റുള്ളവരെ പഴിപറഞ്ഞിട്ടു കാര്യമില്ല.

സമാധന ഉടമ്പടിയെ തുടർന്ന്, പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നും നിയമിക്കപ്പെട്ട വൈദികന്റെയും പ്രവർത്തനം നിരാശജനകമായിരുന്നു. ഐക്യത്തിനുവേണ്ടിയും വിശ്വാസികളെ ഒരുമിച്ചു നിർത്തുന്നതിനുവേണ്ടിയും തന്റെ ചെറുവിരൽപോലും അനക്കാൻ അദ്ദേഹം തയ്യാറായില്ല. കടമറ്റം പള്ളി പൂട്ടിയതിനുശേഷം, ആരാധന നടത്തുവാനുള്ള യാതൊരു പരിശ്രമവും അനുഭാവത്തോടെയുള്ള ഒരു സമീപനവും അഭി. അത്താനാസ്യോസ് തിരുമേനിയുടെ ഭാഗത്തുനിന്നുണ്ടായില്ല. അവർക്കായി ഒരു ആരാധനാലയം (കാതോലിക്കേറ്റ് സെന്റർ) നിർമ്മിക്കുവാൻ കഷ്ടപ്പെട്ടത് അഭി. സേവേറിയോസ് തിരുമേനിയും കൂടെയുണ്ടായിരുന്ന വൈദികരും വിശ്വാസികളുമായിരുന്നു. എന്നിട്ടും അവിടെ അർപ്പിക്കുന്ന വി. കുർബ്ബാനയിൽ അഭി. അത്താനാസ്യോസ് തിരുമേനിയുടെ പേര് ഓർത്ത് ചൊല്ലിയിരുന്നു. ഇവിടെയെല്ലാം എന്തുസഹകരണമാണ് ഇവിടെയുള്ള ഓർത്തഡോക്സുകാർക്ക് ലഭിച്ചിട്ടുള്ളത്. എന്നാൽ കണ്ടനാട് ഭദ്രാസനത്തിൽ അഭി. അത്താനാസ്യോസ് തിരുമേനിയുടെ സ്ഥാനം ഉറപ്പിക്കുവാൻ കഷ്ടപ്പെട്ടത് അഭി. സേവേറിയോസ് തിരുമേനിയും കൂടെയുള്ള വൈദികരും വിശ്വാസികളുമായിരുന്നു. പാങ്കോട്, വടകര, പാലക്കുഴ, മാമ്മലശ്ശേരി, പിറവം ഇടുക്കി തുടങ്ങിയെത്ര പള്ളികളിൽ അഭി. അത്താനാസ്യോസ് തിരുമേനിക്കു വേണ്ടി രാപകലില്ലാതെ കഷ്ടപ്പെട്ടു. തിരിച്ചിങ്ങോട്ട് അവഹേളനവും പുച്ഛവും പക്ഷപാതിത്വവും നിന്ദയും മാത്രം... ഇപ്പോൾ ഭീഷണിപ്പെടുത്തലും. ദൈവം ന്യായം വിധിക്കട്ടെ.

✯



AGMARK
GRADE STANDARD
GOVERNMENT OF INDIA
भारत सरकार
അഗ്മാർക്ക്
അംഗീകരിച്ച
ഗുണമേന്മ
മുളകുപൊടി / മല്ലിപൊടി / മഞ്ഞൾപൊടി / സാമ്പാർപൊടി,
രസംകൂട്ട് / കുരുമുളകുപൊടി / കറി മസാല / മീൻകറി മസാല
മീൻ വറുക്കുന്ന മസാല / മീറ്റ് മസാല / ചിക്കൻ മസാല
പ്രതിഭ
കറിപൗഡറുകൾ
പ്രതിഭ കറിപൗഡറുകൾവാങ്ങൂ...
ജീവകാരുണ്യ പ്രവർത്തനങ്ങളിൽ
പങ്കാളികളാവൂ...



The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published by Rev. Fr. Dr. O.P. Varghese, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery